# തിരുഹൃദയ മാസിക

(Sacred Heart Monthly)


**Vol. 83**

**2018 August**

**83**
Years of
Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  ബൈബിൾ കമ്മീഷൻ
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
  തിരുബാലസഖ്യം
  കെ.സി.വൈ.എൽ.
- കാർട്ട്
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- കെ.സി.ഡബ്ല്യു.എ
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)

500 രൂപ (വിദേശം)

Circular No. 226
Youth Day 2018

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:25-06-2018

പ്രിയ ബഹുമാനപ്പെട്ട അച്ചാ, പ്രിയ ദൈവജനമെ,

ദുക്റാന തിരുനാളിനുശേഷം വരുന്ന ഞായറാഴ്ച കേരള കത്തോലിക്കാ സഭ യുവജനദിനമായി ആചരിക്കുകയാണ്. ആഗോളസഭ യുവജനങ്ങൾക്കായി സമർപ്പിച്ചിരിക്കുന്ന സിനഡിനുള്ള ഒരുക്കത്തിലാണ്. സഭയിൽ യുവജനങ്ങളുടെ സ്ഥാനവും ദൗത്യവുമൊക്കെ കൂടുതലായി ചർച്ച ചെയ്യപ്പെടുന്ന ഈ അവസരത്തിൽ നമ്മുടെ ഏവരുടെയും ശ്രദ്ധ യുവജനങ്ങളിലേക്കും അവരിലൂടെ ലോകത്തിൽ വിരിയുന്ന രക്ഷയുടെ നവചൈതന്യത്തിലേക്കും തിരിയണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. യുവജനങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കരുതുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആ കണ്ണുകളിലൂടെ ഈശോയെ കാണുവാനും യുവജനങ്ങളിലൂടെ ലോകത്തിൽ ഈശോയുടെ സാന്നിദ്ധ്യം സജീവമാക്കുവാനും നാമേവരെയും ആഹ്വാനം ചെയ്യുന്നു.

നമ്മുടെ അതിരൂപതയുടെ യുവജനസംഘടനയായ കെ.സി.വൈ.എൽ ഈ വർഷം അതിന്റെ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ അരനൂറ്റാണ്ടുകാലം ക്നാനായ യുവത്വത്തിന് ശക്തിയും കരുത്തും പകർന്ന് സമുദായത്തിന്റെ സഭാത്മക വളർച്ചയിൽ സജീവ പങ്കുവഹിച്ച ഈ സംഘടന കേരള കത്തോലിക്കാ സഭയിലെ യുവജന പ്രവർത്തനങ്ങൾക്ക് പകർന്നു നൽകിയ വലിയ സംഭാവനകളെ നമുക്ക് അഭിമാനത്തോടെ അനുസ്മരിക്കാം. ഒപ്പം വിശ്വാസത്തെയും സഭാ പ്രബോധനങ്ങളെയും

മുറുകെപ്പിടിച്ചുകൊണ്ട് ക്നാനായ തനിമയിലും അനന്യതയിലും അടിയുറച്ചുനിന്ന് നമ്മുടെ യുവജനങ്ങളെ ക്രിസ്തീയ ചൈതന്യത്തിലും ക്നാനായ സ്വത്വബോധത്തിലും വളർത്തുവാൻ നൽകിയ വിലപ്പെട്ട സംഭാവനകളെ നമുക്ക് നന്ദിയോടെ ഓർക്കാം.

ഈ യുവജന വർഷത്തിൽ കോട്ടയം അതിരൂപത ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന രണ്ട് മേഖലകളാണ് യുവജന നേതൃത്വ പരിശീലനവും യുവജന പ്രേഷിതത്വവും.

കെ.സി.വൈ.എൽ സംഘടനയുടെ ആരംഭം മുതൽ തന്നെ സഭയ്ക്കും സമൂഹത്തിനും സമുദായത്തിനും നേതൃത്വം നൽകുവാൻ പ്രാപ്തിയുള്ള യുവനേതാക്കളെ വാർത്തെടുക്കുന്നതിൽ സംഘടന പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. തിരുഅത്താഴത്തിനിടയിൽ മേലങ്കിമാറ്റി അരയിൽ തൂവാല ചുറ്റി ശിഷ്യരുടെ പാദങ്ങൾ കഴുകി ശുദ്ധിവരുത്തി ശുശ്രൂഷയുടെ മാതൃക നൽകിയ നമ്മുടെ കർത്താവിന്റെ നേതൃത്വശൈലിയാണ് നാം അനുകരിക്കേണ്ടത്. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കാനായി കടന്നുവന്ന് ലോകത്തിന് രക്ഷപ്രദാനം ചെയ്ത ഈശോ എന്ന നേതാവിനെയാണ് യുവജനങ്ങൾ മാതൃകയാക്കേണ്ടതും അനുകരിക്കേണ്ടതും. ശാന്തതയും എളിമയും നിറഞ്ഞ ഈശോയുടെ ഹൃദയവും തന്നെ മുറിച്ചുവിളമ്പിയ അവിടുത്തെ കരങ്ങളും വേദനിക്കുന്നവരോടും പാവങ്ങളോടും പക്ഷം ചേരുന്ന അവിടുത്തെ ശൈലിയും സ്വന്തമാക്കുമ്പോഴാണ് നാം ക്രിസ്തീയ നേതൃത്വശൈലി പ്രായോഗികമാക്കുന്നത്. ഈ ശുശ്രൂഷാനേതൃത്വ പരിശീലനം ലക്ഷ്യമാക്കി ഈ വർഷം അതിരൂപതയിലെ ഫൊറോനതലങ്ങളിൽ നടത്തപ്പെടുന്ന ‘Speranza - 2018' ൽ നമ്മുടെ എല്ലാ യുവജനങ്ങളും സജീവമായി പങ്കുചേരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ദൈവത്തെയും സഭയെയും കൂടാതെ ജീവിക്കുവാനുള്ള പ്രവണതകൾ വളർന്നുവരുന്ന സാഹചര്യത്തിൽ ക്രൈസ്തവ ചൈതന്യത്തിലും വിശ്വാസബോദ്ധ്യത്തിലും വളരുന്ന യുവജനങ്ങൾ യുവ

ജനങ്ങൾക്കുള്ള സുവിശേഷ സാക്ഷ്യമാകണം. യുവജനങ്ങളിലൂടെ യുവജനങ്ങളിലേക്ക് ക്രിസ്തു പ്രഘോഷിക്കപ്പെടണം. വചനാധിഷ്ഠിത ജീവിതത്തിനായി പ്രചോദനം നൽകുന്ന പരിശുദ്ധാത്മാവിനെ ശ്രവിക്കാൻ യുവജനങ്ങൾ ധൈര്യപൂർവ്വം മുന്നോട്ടു വരണം. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, സോഷ്യൽ മീഡിയായുടെ വാണിജ്യ തന്ത്രങ്ങളെ തിരിച്ചറിയാതെ അപകടത്തിൽപ്പെടുന്നവർ, സഭയിൽ നിന്നും സമുദായത്തിൽ നിന്നും അകന്നു കഴിയുന്നവർ തുടങ്ങി വ്യത്യസ്തങ്ങളായ മുതലെടുപ്പുകളിൽ വീണുപോയ യുവജനങ്ങളെ അവരുടെ ഭാഷയും അവരുടെ മീഡിയായും ഉപയോഗിച്ച് നേടിയെടുക്കാൻ ക്രിസ്തീയ നേതൃത്വവും പ്രേഷിത ചൈതന്യവും കൈമുതലാക്കിയ യുവജനങ്ങൾക്ക് സാധിക്കണം.

ഈ കാലഘട്ടത്തിൽ പക്വതയോടെ തീരുമാനങ്ങളെടുക്കുവാനും ഉൽകൃഷ്ടമായ മൂല്യബോധ ജീവിതം കെട്ടിപ്പടുക്കുവാനും മഹത്തായ നമ്മുടെ പൈതൃകങ്ങൾ കാത്തുസൂക്ഷിക്കുവാനും യുവജനങ്ങൾക്ക് സാധിക്കണമെങ്കിൽ പ്രേഷിതത്വ പരിശീലനവും അത്യന്താപേക്ഷിതമാണ്. വത്തിക്കാൻ കൗൺസിൽ നിർദ്ദേശിക്കുന്ന വിധം ക്രിസ്തുവിനോടുള്ള സജീവൈക്യത്തിലൂടെ മാത്രമേ ഇത് നേടാനാവൂ. ഇതിനായി പ്രധാനമായും ശ്രദ്ധപുലർത്തേണ്ട കാര്യങ്ങൾ ആരാധനാക്രമത്തിലുള്ള സജീവഭാഗഭാഗിത്വവും വിശ്വാസ വെളിച്ചത്തിലുള്ള വചനപഠനവും ധ്യാനവും ആണ്. ഇടവക സമൂഹത്തിലെ ആരാധനാജീവിതത്തിൽ സജീവമായി പങ്കുചേരുന്നവർക്ക് മാത്രമേ പ്രേഷിത ശുശ്രൂഷയിലൂടെ ക്രിസ്തുവിന്റെ നേതൃത്വത്തിലേക്ക് വളരാൻ സാധിക്കുകയുള്ളൂ. എമ്മാവൂസ് ഗ്രാമത്തിലേക്ക് യാത്ര ചെയ്ത ശിഷ്യരിൽ മിശിഹായുടെ സാന്നിധ്യം നൽകിയ മാറ്റമാണ് നമ്മുടെ യുവസമൂഹത്തിന് ഇന്നാവശ്യം. വചന വെളിച്ചത്തിൽ ഹൃദയം ജ്വലിക്കുന്ന വി. കുർബാനയിലെ ക്രിസ്തുസാന്നിധ്യം തിരിച്ചറിയുന്ന ഒരു യുവസമൂഹം ക്നാനായ സമൂഹത്തിന്റെ ശക്തിയാകണം.

ഇന്ന് സമൂഹം നേരിടുന്ന പ്രതിസന്ധികളിലേക്ക് ശ്രദ്ധതിരിക്കാനും യുവജനങ്ങൾക്ക് കഴിയണം. കാരുണ്യപ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ യജ്ഞങ്ങൾ, ക്രിസ്തീയ ധാർമ്മിക മൂല്യങ്ങളുടെ സംരക്ഷണം, മനുഷ്യാവകാശ സംരക്ഷണം തുടങ്ങി വ്യത്യസ്തങ്ങളായ ശുശ്രൂഷകളിലൂടെ യുവജനങ്ങൾ സഭയ്ക്കും സമുദായത്തിനും അലങ്കാരമായി തീരണം. പൗരബോധം, തൊഴിൽ പരമായ സാമർത്ഥ്യം, കുടുംബാരൂപി, സത്യസന്ധത, പരമാർത്ഥത ഇവ വിലമതിക്കണം. കേന്ദ്ര സംസ്ഥാന ഗവൺമെന്റിലെ ജോലി സാധ്യതകളെ തിരിച്ചറിഞ്ഞ് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടുന്നതിനും യോഗ്യതാ പരീക്ഷകളിൽ പങ്കെടുത്ത് നമ്മുടെ നാട്ടിൽത്തന്നെ നല്ല ജോലികൾ കണ്ടെത്തുന്നതിനും യുവജനങ്ങൾ ശ്രദ്ധിക്കണം. സ്മാർട്ട് ഫോണിൽ ഒതുങ്ങാതെ വിശാലമായ വായനയും അറിവും അനുഭവജ്ഞാനവുമുള്ള വ്യക്തികളുമായുള്ള സംസർഗ്ഗവും അറിവിന്റെ ലോകത്തിലേക്ക് നമ്മെ നയിക്കും.

കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് ഹൃദയവിശാലതയോടും അത്യുത്സാഹത്തോടും ക്രിസ്തീയ വീക്ഷണത്തോടും കൂടിയ ഒരു സമീപനരീതി സ്വന്തമാക്കി അനേകരിൽ ക്രിസ്തുസാന്നിധ്യം നൽകാൻ സാധിക്കുന്ന യുവജനങ്ങളായ്, യുവനേതാക്കളായ് നിങ്ങൾ വളർന്നുവരട്ടെ എന്ന് ആശംസിക്കുന്നു.

ക്നാനായ സമുദായത്തിന്റെ പ്രേഷിത തീക്ഷ്ണതയും പൂർവ്വപിതാക്കൾ കൈമാറിയ വിശ്വാസജീവിതവും തനിമയും ഒരുമയും പങ്കുവയ്പ്പും സംരക്ഷിക്കാൻ യുവജനങ്ങൾക്ക് സാധിക്കണം.
ഇതിനാവശ്യമായ വ്യത്യസ്തതയാർന്ന ശുശ്രൂഷകൾ സമൂഹത്തിന് പ്രദാനം ചെയ്യുവാൻ കെ.സി.വൈ.എൽ സംഘടനയ്ക്ക് സാധിക്കണം. വിശുദ്ധിയുടെ വക്താക്കളാകാൻ നമ്മളെ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ 'സന്തോഷിച്ചാഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ അപ്പസ്തോലന്മാരിൽ നിറഞ്ഞു നിന്ന ചൈതന്യത്തോടെ, നിർഭയരായി ക്രിസ്തുവിന്

സാക്ഷ്യം വഹിക്കുവാൻ പരിശുദ്ധ പിതാവ് നമ്മെ ക്ഷണിക്കുന്നു. അതിനാൽ അതിരൂപതയിൽ മാത്രമല്ല, ക്നാനായ സമുദായത്തിന്റെ പ്രേഷിത തീക്ഷ്ണത ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കാൻ, ഭയം കൂടാതെ സാക്ഷ്യം നൽകുവാൻ ക്നാനായ യുവജനങ്ങൾക്ക് കഴിയട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ 2018 ജൂലൈ 8-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിച്ച റിയിക്കേണ്ടതാണ്.

2. യുവജന സ്തോത്രക്കാഴ്ചയുടെ 50% ഇടവകയുടെ യുവജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതും ബാക്കി 50% അതിരൂപതയുടെ യുവജന പ്രവർത്തനങ്ങൾക്കുമായി അതിരൂപതാ കേന്ദ്രത്തിലേക്ക് യുവജന കളക്ഷനായുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11YDC എന്ന virtual അക്കൗണ്ട് നമ്പറിനോടുകൂടി അതത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർ കൂടി ചേർത്ത് കഴിവതും വേഗം അയച്ചുതരേണ്ടതുമാണ്.

# കൂരിയ വാർത്തകൾ

## പാരിഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോന സംഗമങ്ങൾ

അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഇടവകകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട് അതിരൂപതാദ്ധ്യക്ഷൻ അംഗീകരിച്ച ഓരോ ഇടവകയിലെയും പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോന തലത്തിലുള്ള സംഗമങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഫൊറോന വികാരിയുടെ യും ഫൊറോനയിലെ എല്ലാ വികാരിമാരുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംഗമം നിശ്ചിത ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. കിടങ്ങൂർ ഫൊറോനയിൽ ജൂലൈ 8 നും കടുത്തുരുത്തി ഫൊറോനയിൽ ജൂലൈ 15 നും കൈപ്പുഴ ഫൊറോനയിൽ ജൂലൈ 22 നും ഉഴവൂർ ഫൊറോനയിൽ ജൂലൈ 29 നും സംഗമം നടത്തപ്പെട്ടു.

ഓഗസ്റ്റ് 5 ന് ഇടയ്ക്കാട്ടും ഓഗസ്റ്റ് 12 ന് പിറവത്തും ഓഗസ്റ്റ് 19 ന് ചുങ്കത്തും സംഗമങ്ങൾ നടത്തപ്പെടും. ഫൊറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സംഗമത്തിൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോൺ ചേന്നാകുഴി, ഫാ. ബിജോ കൊച്ചാദംപള്ളിൽ എന്നിവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകും.

## കണക്കന്മാരുടെയും കൈക്കാരന്മാരുടെയും സംഗമം തൂവാനിസയിൽ

അതിരൂപതയിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വികാരിയച്ചന്മാരുടെയും കൈക്കാരന്മാരുടെയും കണക്കന്മാരുടെയും സംഗമം ഓഗസ്റ്റ് 17 വെള്ളിയാഴ്ച രാവിലെ 10.30 ന് തൂവാനിസയിൽ സംഘടിപ്പിക്കുന്നു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്യും. പള്ളികളിലെ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനും തുടർമാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് സംഗമങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത്.

## കോട്ടയം അതിരൂപതാ സ്ഥാപനദിനാഘോഷം സംഘടിപ്പിക്കുന്നു

കോട്ടയം അതിരൂപതാ സ്ഥാപന ദിനാഘോഷങ്ങൾ സെപ്റ്റംബർ 1-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 4 മണി വരെ അതിരൂപതാ പ്രാർത്ഥനാലയമായ കോതനല്ലൂർ തൂവാനിസായിൽ സംഘടിപ്പിക്കുന്നു. കൃതജ്ഞതാബലി, ക്ലാസ്സുകൾ, ചർച്ചകൾ, അജപാലന കമ്മീഷൻ പ്രവർത്തനങ്ങൾ പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തപ്പെടും. അതിരൂപതയിലെ ബഹു.വൈദികരും സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ, പാരിഷ് കൗൺസിൽ അംഗങ്ങളും വിവിധ സംഘടനകളുടെ അതിരൂപത ഭാരവാഹികളും പ്രതിനിധികളും ആഘോഷങ്ങളിൽ പങ്കെടുക്കും.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസ്

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## August 2018

| Date | Programme |
|---|---|
| 1 | University Directors Meet |
| 2 | Save the Mother Earth Green Planet - Programme |
| 3 | KSSS Animators' Meeting |
| 4 | CBSE School Management Association Programme |
| 3-5 | SRIBS Meet |
| 4 | Nurses Gathering |
| 4-5 | JCI Meeting |
| 7-8 | KSSS Deaf-blind Network Training |
| 7 | My Life Style Programme |
| 8 | KSSS Coordinators' Meeting |
| 8 | KSSS Federation Meeting |
| 9 | SIB Manager's Meet |
| 9 | Vincent de Paul Society Meeting |
| 11 | Music Factory Training Programme |
| 14 | KSSS Smart Animators' Meeting |
| 17 | KSSS Farmers Day Observations |
| 17 | KSSS Solar Servicing |
| 19 | KSSS CBR Neurological Medical Camp |
| 20 | KSSS Coordinators' Meeting |
| 23 | KSSS CBR CRC |
| 25 | Arch Bishop Kuriakose Kunnasserry Foundation Programme |
| 26-28 | KCYL Kaipuzha Forane Meet |
| 31 | KSSS Plumbing and Wiring Training |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ഓഗസ്റ്റ്** | | |
| ആഗസ്റ്റ് 9 - 11 | വിവാഹ ഒരുക്ക സെമിനാർ | തൂവാനിസ |
| ആഗസ്റ്റ് 9 | വിൻസെന്റ് ഡി പോൾ സൊസൈറ്റി | |
| | മീറ്റിംഗ് | ചൈതന്യ |
| ആഗസ്റ്റ് 26 - 28 | കെ.സി.വൈ.എൽ കൈപ്പുഴ ഫൊറോന മീറ്റ് | ചൈതന്യ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **ഓഗസ്റ്റ്** | |
| ആഗസ്റ്റ് 9 - 11 | വിവാഹ ഒരുക്ക കോഴ്സ് |
| ആഗസ്റ്റ് 11 - 15 | അഖണ്ഡ ജപമാല |
| ആഗസ്റ്റ് 12 - 16 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| ആഗസ്റ്റ് 21 - 22 | ക്നാനായ സ്റ്റാർസ് ക്യാമ്പ് |
| ആഗസ്റ്റ് 23 - 24 | ക്രിസ്റ്റീൻ ധ്യാനം |
| ആഗസ്റ്റ് 26 - 30 | ആന്തരീക വിശുദ്ധീകരണ ധ്യാനം |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആഗസ്റ്റ് 5 ന് പൂർത്തിയാകുന്നു. ആഗസ്റ്റ് 6-ാം തീയതി വൈകുന്നേരത്തിന് മുമ്പായി രജിസ്ട്രേഷൻ ഫോമും, രജിസ്ട്രേഷൻ ഫീസും ചൈതന്യ പാസ്റ്ററൽ സെന്ററിലോ, ബറുമറിയം പാസ്റ്ററൽ സെന്ററിലോ ഏൽപ്പിക്കേണ്ടതാണ്.

## വിശുദ്ധനാട് തീർത്ഥാടനം

അതിരൂപത ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥയാത്ര ഒക്ടോബർ 9 ന് പുറപ്പെടുന്നു. രജിസ്ട്രേഷനും മറ്റ് വിവരങ്ങൾക്കുമായി 9447507304 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സുവിശേഷങ്ങൾ

പി.ഒ.സി പുറത്തിറക്കിയ സുവിശേഷങ്ങൾ എന്ന പുസ്തകത്തിന്റെ പുതിയ വിവർത്തനം പഠനകുറിപ്പുകളോടു കൂടിയത് ലഭ്യമാണ്. 250 രൂപ വില വരുന്ന ഈ പുസ്തകം 200 രൂപയ്ക്ക് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447507304 എന്ന നമ്പറിൽ ബന്ധപ്പെടുക.

## കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2018

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏത് ഭാഗമാണെന്ന് വ്യക്തമായിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലിക ആവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ 6 പേജിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം. കൃതി അനുകരണമോ, വിവർത്തനമോ, മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ, പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. രചനകളിൽ പേരോ, മേൽവിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖന മത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

**ഗ്രൂപ്പ് നമ്പർ 1 : അല്മായർ**

**വിഷയം:** യുവജനവർഷവും വചനപ്രേഷിതത്വവും

**ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ**

**വിഷയം:** മാറുന്ന ഭാരതവും സഭയുടെ പ്രേഷിത ദൗത്യവും

**ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ**

**വിഷയം:** സമർപ്പിത ജീവിതവും വചനാധിഷ്ഠിത ആത്മീയതയും

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയ്ക്കുന്നതിന് മുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2018 ഒക്ടോബർ 10 നാണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് കാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി. ഫീസ് | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം | മൂന്നാം സ്ഥാനം |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം-1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

**കൃതികൾ അയയ്ക്കേണ്ട വിലാസം:** സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി. നമ്പർ 2251 പാലാരിവട്ടം, കൊച്ചി- 6862025

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചന സർഗ പ്രതിഭാ പുരസ്കാരത്തിന് 2018 ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ കാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കലകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ) പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വ്യക്തികളോ, സംരംഭമോ, പ്രസ്ഥാനമോ, 2013 മുതൽ നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ സമർപ്പിക്കേണ്ടതാണ്. വിശുദ്ധ ഗ്രന്ഥത്തോട് പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമെന്യേ എല്ലാവരും അവാർഡിന് പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്.

ഓഗസ്റ്റ് 31 ന് മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം, പി. ബി. നമ്പർ 2251, കൊച്ചി- 682025 എന്ന വിലാസത്തിൽ എൻട്രികൾ സമർപ്പിക്കേണ്ടതാണ്. ഫോൺ നമ്പർ: 0484-2805897

## ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഷോർട്ട് ഫിലിം മത്സരം

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലൂമെൻ ഷോർട്ട് ഫിലിം ഫെസ്റ്റിലേക്ക് സുവിശേഷഭാഗ്യങ്ങളിലെ (മത്താ 5, 3-12) ഏതെങ്കിലും ആശയം സമകാലികമായി അവതരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങൾ ക്ഷണിക്കുന്നു. മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള ചിത്രീകരണത്തിന് ടൈറ്റിൽസും എൻഡ്ക്രെഡിറ്റും

ഉൾപ്പെടെ 5-8 മിനിറ്റ് ദൈർഘ്യമുണ്ടിയിരിക്കണം. ഇടവകകൾ, സ്ഥാപനങ്ങൾ എന്നീ രണ്ട് വിഭാഗങ്ങൾ ഉണ്ടായിരിക്കും.

പങ്കെടുക്കുന്ന വിവരം സെപ്റ്റംബർ 1 ന് മുമ്പ് അറിയിക്കുകയും ഫിലിമിന്റെ കോപ്പികൾ 2018 ഒക്ടോബർ 10 നോ അതിനു മുമ്പോ സമർപ്പിക്കുകയും വേണം. മികച്ച ഷോർട്ട് ഫിലിം സംവിധാകൻ, നടൻ, നടി എന്നിങ്ങനെ അവാർഡുകളും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 25000, 15000, 10000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.keralabiblesociety.com ൽ അപേക്ഷഫോം ലഭ്യമാണ്.

**കൂടുതൽ വിവരങ്ങൾക്ക്**: സെക്രട്ടറി, കെ.സി.ബി,സി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പാലാരിവട്ടം. ഫോൺ:04842805897

**ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
ചെയർമാൻ

# വിശ്വാസ പരിശീലന കമ്മീഷൻ

അതിരൂപത വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ ഇടവകളിൽ സന്ദർശനം നടന്നു കൊണ്ടിരിക്കുന്നു.

ക്നാനായ ചരിത്ര പഠന പുസ്കതത്തിന്റെ ഇംഗ്ലീഷ് പതിപ്പ് വിതരണം ചെയ്തു.

ആഗസ്റ്റ് 28-ാം തീയതി വിശ്വാസപരിശീലന കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗ് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. മാത്യു കൊച്ചാദംപള്ളിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം

ഫാ. ജോസഫ് വടകര, ബ്രദർ അലക്സ് & ടീം നയിക്കുന്ന ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം ആഗസ്റ്റ് 12 മുതൽ 16 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

### ക്രിസ്റ്റീൻ ധ്യാനം

ആഗസ്റ്റ് 23 മുതൽ 24 വരെ ഫാ. ജിബിൽ കുഴിവേലിൽ & ടീം നയിക്കുന്ന ക്രിസ്റ്റീൻ ധ്യാനം തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

### ആന്തരീക വിശുദ്ധീകരണ ധ്യാനം

ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം നയിക്കുന്ന ആന്തരീക വിശുദ്ധീകരണ ധ്യാനം ജൂലൈ 22 മുതൽ 24 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

### വിവാഹ ഒരുക്ക സെമിനാർ

ജൂലൈ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ജൂലൈ 12 മുതൽ 14 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക സെമിനാർ ആഗസ്റ്റ് 9 മുതൽ 11 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടും.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

### തറയിൽ പിതാവിന്റെ അനുസ്മരണം

കോട്ടയം അതിരൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ തറയിൽ പിതാവിന്റെ അനുസ്മരണം കോട്ടയം കത്തീഡ്രൽ ദൈവാലയത്തിൽ സംഘടിപ്പിച്ചു.

## സാഹിത്യ മത്സരം

അതിരൂപത സാഹിത്യ മത്സരം വിവിധ മേഖലകളിൽ ആഗസ്റ്റ് 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടും.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ചെയർമാൻ

# സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

## എ. സി വാർഷികങ്ങൾ

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ കോട്ടയം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള ഏരിയ കൗൺസിലുകളുടെ വാർഷികങ്ങൾ അതാതു കേന്ദ്രങ്ങളിൽ വെച്ച് 2018 ജൂലൈ മാസത്തിൽ നടത്തി. വാർഷിക സമ്മേളനങ്ങളിൽ സെമിനാറുകളും വാർഷിക റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ചു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി സിസിയിൽ നിന്നുമുള്ള നിർദ്ദേശ പ്രകാരം അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യുകയും അതനുസരിച്ച് മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. അംഗങ്ങളുടെ നല്ല പങ്കാളിത്തത്തോടെ വാർഷികങ്ങൾ നടത്തുവാൻ സാധിച്ചു.

## സി സി വാർഷികം

കോട്ടയം സെൻട്രൽ കൗൺസിലിന്റെ വാർഷികം 2018 ആഗസ്റ്റ് 12-ാം തീയതി തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ മുഖ്യഅതിഥിയായി പങ്കെടുക്കും. കോട്ടയം സിസിയുടെ കീഴിലുള്ള എല്ലാ കോൺഫറൻസുകളിൽ നിന്നും അംഗങ്ങൾ പങ്കെടുക്കും. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിയിലേയ്ക്കുള്ള പരിപാടികൾ ചർച്ചചെയ്യുകയും ചെയ്യും.

**പാട്രിക് ഓട്ടപ്പള്ളിൽ**
സി. സി പ്രസിഡന്റ്

# തിരുബാല സഖ്യം

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി അതിരൂപത തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. യോഗത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. ചൈതന്യ കമ്മീഷൻസ് കോർഡിനേറ്റർ ഫാ. മാത്യു കൊച്ചാദംപള്ളിൽ ആശംസ അർപ്പിച്ചു. അലക്സ് കാവുകാട്ട് ക്ലാസ്സ് നയിച്ചു. തിരുബാലസഖ്യം ഡയക്ടർ ഫാ. റോയി കാഞ്ഞിരത്തുംമൂട്ടിൽ, സി. ഡാനിയ എസ്.വി.എം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. സമ്മേളനത്തിൽ 35 അനിമേറ്റേഴ്സ് പങ്കെടുത്തു.

## കോട്ടയം അതിരൂപത തിരുബാലസഖ്യം – പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു

കോട്ടയം: കോട്ടയം അതിരൂപത തിരുബാലസഖ്യം സംഘടനയുടെ 2018– 19 വർഷത്തിലെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ചെയ്തു. കടുത്തുരുത്തി ഫൊറോന ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും സംയുക്ത പ്രവർത്തനോദ്ഘാടനം കല്ലറ പുത്തൻപള്ളിയിൽ സംഘടിപ്പിച്ച അവസരത്തിലാണ് തിരുബാലസഖ്യം അതിരൂപതാ ഡയറക്ടർ ഫാ. റോയി കാഞ്ഞിരത്തുംമൂട്ടിൽ സി.എം.എൽ ഡയറക്ടർ ഫാ. ജോബി പുച്ചൂക്കണ്ടത്തിലിന് കൈമാറിക്കൊണ്ട് മാർഗ്ഗരേഖയുടെ പ്രകാശന കർമ്മം നിർവ്വഹിച്ചത്.

**ഫാ. റോയി കാഞ്ഞിരത്തുംമൂട്ടിൽ**

ഡയറക്ടർ

# കെ. സി. വൈ.എൽ.

## യുവജനദിനാഘോഷം

2018 പ്രവർത്തന വർഷത്തെ യുവജനദിനാഘോഷം ജൂലൈ മാസം 15-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ സെന്റ് റോക്കീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# കാർട്ട്

## ക്നാനായ സ്റ്റാർസ് മെന്റേഴ്സ് യോഗം സംഘടിപ്പിച്ചു

ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (കാർട്ട്)ന്റെ ആഭിമുഖ്യത്തിൽ ക്നാനായ സമുദായത്തിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി രൂപപ്പെടുത്തിയ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ കുട്ടികൾക്ക് ഫലപ്രദമായ തുടർമാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി രൂപം നൽകിയിരിക്കുന്ന ക്നാനായ സ്റ്റാർസ് മെന്റേഴ്സിന്റെ യോഗം ചൈതന്യയിൽ സംഘടിപ്പിച്ചു. ഓണക്കാല ക്യാമ്പ്, ഫൊറോന സംഗമങ്ങൾ എന്നിവയെക്കുറിച്ച് യോഗം ചർച്ച ചെയ്തു. ഓരോ മെന്റേഴ്സ് ഗ്രൂപ്പിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ കർമ്മപദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

## ക്നാനായ സ്റ്റാർസ് ഓണക്കാല ക്യാമ്പ് ഓഗസ്റ്റ് 21,22 തീയതികളിൽ തൂവാനിസയിൽ

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (KART) ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ അംഗങ്ങളായുള്ള കുട്ടികൾക്കായി ഓഗസ്റ്റ് 21, 22 തീയ

തികളിലായി ഓണക്കാല ക്യാമ്പ് തൂവാനിസയിൽ സംഘടിപ്പിക്കുന്നു. 21 ന് രാവിലെ 9.30 ന് ആരംഭിക്കുന്ന ക്യാമ്പിൽ എല്ലാ ബാച്ചിലെയും കുട്ടികൾ പങ്കെടുക്കേണ്ടതാണ്.

**ഡോ. മേഴ്സി ജോൺ**
ക്നാനായ സ്റ്റാർസ് പ്രോഗ്രാം കോർഡിനേറ്റർ

**ഫാ. സിറിയക് ഓട്ടപ്പള്ളിൽ**
ഫെസിലിറ്റേറ്റർ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### 21-ാമത് ചൈതന്യ കാർഷിക മേളയും സ്വാശ്രയസംഘ മഹോത്സവവും നവംബർ 20 മുതൽ 25 വരെ തീയതികളിൽ

മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ കാർഷിക മേളയും അമ്പത്തിഏഴായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ കുടുംബമഹോത്സവവുമായ 21-ാമത് ചൈതന്യകാർഷികമേളയും സ്വാശ്രയസംഘ മഹോത്സവവും 2018 നവംബർ 20 മുതൽ 25 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. മഹോത്സവത്തോട നുബന്ധിച്ച് വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയ സംഘ കലാവിരുന്നുകൾ, വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യം തുടങ്ങിയ നിരവധിയായ ക്രമീകരണങ്ങളാണ് മേളയോടനുബന്ധിച്ച് ഒരുക്കുന്നത്.

## ആകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി സമ്മാന കൂപ്പൺ

21-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘ മഹോത്സവത്തോടും അനുബന്ധിച്ച് ആകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരണ്യ നിധി സമ്മാനക്കൂപ്പൺ ഒരുങ്ങുന്നു. മുൻവർഷങ്ങളിലെ മഹോത്സവത്തോടനുബന്ധിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്ന ചൈതന്യ ജീവകാരുണ്യ നിധി ചികിത്സാ സഹായ പദ്ധതി വിഭവസമാഹരണം വൻവിജയമാക്കി തീർത്തതിന്റെ തുടർച്ചയായിട്ടാണ് 21-ാമത് കാർഷിക മേള സമ്മാന കൂപ്പൺ ഒരുക്കുന്നത്. കൂപ്പൺ ഒന്നിന് 10 രൂപയാണ്. സമ്മാന കൂപ്പണിന്റെ പ്രകാശന കർമ്മം ആഗസ്റ്റ് 17-ന് ചൈതന്യയിൽ സംഘടിപ്പിക്കുന്ന കർഷക ദിനാചരണത്തോടനുബന്ധിച്ച് നടത്തപ്പെടും.

## ഫെഡറേഷൻ മീറ്റിംഗ് സംഘടിപ്പിക്കുന്നു

കെ.എസ്.എസ്.എസിന്റെ വിവിധ സ്വാശ്രയസംഘ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫെഡറേഷൻ ഭാരവാഹികളുടെ യോഗം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 8-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ചൈതന്യയിലാണ് മീറ്റിംഗ് സംഘടിപ്പിക്കുന്നത്. കെ.എസ്.എസ്.എസ് സ്വാശ്രയസംഘ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതോടൊപ്പം നവംബർ 20 മുതൽ 25 വരെ തീയതികളിൽ സംഘടിപ്പിക്കുന്ന 21-ാമത് ചൈതന്യ കാർഷികമേളയോടും സ്വാശ്രയസംഘമഹോത്സവത്തോടുമനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായാണ് മീറ്റിംഗ് സംഘടിപ്പിച്ചിരിക്കുന്നത്.

## സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുമായി കെ.എസ്.എസ്.എസ്

സ്വാശ്രയ സംഘാംഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സുസ്ഥിര വരുമാന സംരംഭക സാധ്യതകൾ ഗ്രൂപ്പ് അംഗങ്ങൾക്ക് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ ജോയിന്റ് ലയബിലിറ്റി ഗ്രൂ

പ്പുകൾ (കൂട്ടുബാധ്യതാ സംഘങ്ങൾ)രൂപീകരിക്കുന്നു. നാല് മുതൽ പത്ത് പേര് അടങ്ങുന്ന സംഘമാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ. പ്രസ്തുത ഗ്രൂപ്പുകൾക്ക് കാർഷിക മേഖലയും, കാർഷിക അനുബന്ധ മേഖലയിലും, കാർഷികേതര മേഖലയിലും വരുമാനം വർദ്ധിപ്പിക്കുന്നതിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത പദ്ധതികൾക്ക് വിവിധ ബാങ്കുകളുമായി സഹകരിച്ച് മിതമായ പരിശ നിരക്കിൽ ലോണുകൾ ലഭ്യമാക്കുന്നതാണ്. ഒരു പ്രദേശത്ത് അധിവസിക്കുന്ന പരസ്പരം പരിചയമുള്ളവരും ഒരേ സാമൂഹ്യ സാമ്പത്തിക സ്ഥിതിയിലുള്ളവരും കൂട്ടായി പ്രവർത്തിക്കുവാൻ സന്മനസുള്ളവരുമായിരിക്കണം ജെ.എൽ.ജി ഗ്രൂപ്പംഗങ്ങൾ. നിലവിലുള്ള കെ.എസ്.എസ്.എസ് ഗ്രൂപ്പുകളിൽ നിന്നും വരുമാന പദ്ധതികൾ ചെയ്യുവാൻ ആഗ്രഹിക്കുന്ന 4 മുതൽ 10 അംഗങ്ങളെ ചേർത്തുകൊണ്ട് പുതിയ ഒരു ഗ്രൂപ്പ് രൂപീകരിക്കാവുന്നതാണ്. വ്യക്തിഗത അടിസ്ഥാനത്തിലും ഗ്രൂപ്പ് അടിസ്ഥാനത്തിലും ലോൺ തുക ലഭ്യമാക്കുന്നതാണ്. കെ.എസ്.എസ്.എസിന്റെയും ബാങ്കുകളുടെയും നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഗ്രൂപ്പുകൾക്ക് ലോൺ ലഭ്യമാക്കുക.

## കെ. എസ്. എസ്. എസ് കർഷകദിനാചരണം ആഗസ്റ്റ് 17 ന്

കർഷകദിനമായ ചിങ്ങം 1-ാം തീയതി (ആഗസ്റ്റ് 17) വിപുലമായ പരിപാടികളോടെ കെ.എസ്.എസ്.എസ് കർഷക ദിനാചരണം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 17 വെള്ളിയാഴ്ച രാവിലെ 10 മുതൽ ചൈതന്യയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനുബന്ധിച്ച് കർഷകർക്ക് നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് അവബോധം നൽകുന്ന സെമിനാർ, പൊതുസമ്മേളനം, മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മാതൃകാ കർഷകരെ ആദരിക്കൽ എന്നിവ നടത്തപ്പെടും.

## കർഷക ദിനത്തിൽ കവള മടക്കൽ കീറൽ മത്സരം

കർഷക ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കർഷകർക്കായി കവള മടക്കൽ കീറൽ മത്സരം സംഘടിപ്പിക്കുന്നു. പുരുഷ ഗ്രൂപ്പ് അംഗങ്ങൾക്കായാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മേഖലയിൽ നിന്നും ഒരു

പുരുഷ ഗ്രൂപ്പ് അംഗത്തിനാണ് മത്സരത്തിൽ പങ്കെടുക്കാവുന്നത്. വേഷവിധാനം, കവള മടക്കൽ കീറലിലെ വൈദഗ്ദ്ധ്യം എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്. വിജയികളാകുന്നവർക്ക് ആകർഷക സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## കർഷക ദിനത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും

കർഷകദിനത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സോളാർ റാന്തൽ വിളക്കുകളുടെ വിതരണവും സർവ്വീസിംഗും ക്രമീകരിച്ചിട്ടുണ്ട്. സി.എഫ്.എൽ സോളാർ വിളക്കുകളാണ് ലഭ്യമാക്കുന്നത്. സ്വാശ്രയസംഘാംഗങ്ങൾക്ക് 2800 രൂപയ്ക്കാണ് സി.എഫ്.എൽ സോളാർ റാന്തൽ വിളക്കുകൾ ലഭ്യമാക്കുക.

## പായസകിറ്റ് ലഭ്യമാക്കുന്നു

ഓണാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങൾക്കായി പായസകിറ്റ് ലഭ്യമാക്കുന്നു. 300 ഗ്രാം തൂക്കം വരുന്ന സേമിയ പായസ കിറ്റാണ് ലഭ്യമാക്കുന്നത്.

## ഓണാഘോഷം ഗ്രാമതലത്തിൽ

ഓണത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഗ്രാമതലത്തിൽ ഓണാഘോഷം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കുന്നു. അതത് ഗ്രാമവികസന സമിതികളുടെ നേതൃത്വത്തിലാണ് ഓണാഘോഷങ്ങൾ സംഘടിപ്പിക്കുന്നത്. ഗ്രാമതലത്തിലും ഗ്രൂപ്പുതലത്തിലും സംഘടിപ്പിക്കുന്ന ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുവാൻ എല്ലാ സ്വാശ്രയസംഘാംഗങ്ങളും ശ്രദ്ധിക്കുമല്ലോ. ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ, കലാപരിപാടികൾ, പൊതുസമ്മേളനങ്ങൾ എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

## പുകയില്ലാത്ത അടുപ്പുകളുടെ നിർമ്മാണം

വർദ്ധിച്ചുവരുന്ന വായു മലിനീകരണവും അതുവഴിയുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും കുറയ്ക്കുവാൻ ആഗോളതലത്തിൽ നടത്തി വരുന്ന ശ്രമങ്ങളിൽ പങ്കുചേർന്നുകൊണ്ട് കെ.എസ്.എ

സ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്കായി പുകയില്ലാത്ത അടുപ്പ് നിർമ്മാണത്തിന് അവസരമൊരുക്കുന്നു. മൂന്ന് സ്റ്റീൽ അടുപ്പുകൾ നിർമ്മിച്ചു നൽകുമ്പോൾ പണിക്കൂലിയടക്കം 3600 രൂപയാണ് നൽകേണ്ടിവരുന്നത്. കൂടാതെ അടുപ്പ് നിർമ്മിച്ച് നൽകാനെത്തുമ്പോൾ ഗുണഭോക്താവ്, ചുടുകട്ട - 50 എണ്ണം, മണൽ - 10 ചട്ടി, മെറ്റൽ -3 ചട്ടി, കമ്പി - 8 mm, 2 കി. ഗ്രാം, സിമന്റ് - 1 ചാക്ക്, ആസ്ബസ്റ്റോസ് പൈപ്പ്(6 ഇഞ്ച് വണ്ണം) 10 അടിയുടെ ഒന്ന്, ഫ്ളോർ ടൈൽസ് - ഒരു ചതുരശ്ര അടിയുടെ 20 എണ്ണം, ജോയിന്റ് ഫിൽറ്റർ 1/2 കി. ഗ്രാം, എയർ കൗൾ അഥവാ ബെന്റ് - 6 ഇഞ്ച് ഒരെണ്ണം, എന്നിവ കരുതേണ്ടതാണ്.

## സ്മാർട്ട് അനിമേറ്റേഴ്സ് പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി 5, 6, 7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർവ്വതോന്മുഖ വളർച്ച ലക്ഷ്യമാക്കി പ്രവർത്തന ഗ്രാമങ്ങളിൽ നടത്തി വരുന്ന സ്മാർട്ട് ഗ്രൂപ്പുകൾക്ക് നേതൃത്വം കൊടുക്കുന്നതിനായി അനിമേറ്റർമാർക്കും സ്മാർട്ട് പരിശീലകർക്കുമായി ഏകദിന പരിശീലനം ആഗസ്റ്റ് മാസത്തിൽ സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തിവരുന്ന ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് ആഗസ്റ്റ് 19-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കും. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകും. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, കൗൺസിലിംഗ് എന്നീ സേവനങ്ങൾ ക്യാമ്പിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

## സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമവും ഇടയ്ക്കാട്ട് മേഖലയിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 5 ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന വിവിധ

വിഭാഗങ്ങൾക്കായുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരത മായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനു മായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. ഇടയ്ക്കാട് മേഖല ഭാരവാഹി സംഗമം ആഗസ്റ്റ് മാസത്തിൽ ചൈതന്യയിൽ നടത്തപ്പെടും.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## പ്രളയബാധിത മേഖലകളിൽ സഹായ ഹസ്തവുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

കാലവർഷക്കെടുതി മൂലം പൊറുതിമുട്ടിയ ആളുകൾക്ക് സഹായ ഹസ്തവുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ രണ്ടായിരത്തോളം കുടുംബങ്ങൾക്കാണ് സൊസൈറ്റിയുടെ നേതൃ ത്വത്തിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തത്. അരി, പഞ്ചസാര, ചെറു പയർ, തേയിലപൊടി, ബ്രഡ്, സാനിറ്ററി കിറ്റ് എന്നിവയാണ് പ്രളയക്കെടുതി അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ലഭ്യമാക്കിയത്. കിടങ്ങൂർ, കൈപ്പുഴ, മലങ്കര, ഇടയ്ക്കാട്ട്, കടുത്തുരുത്തി എന്നീ മേഖലകളിലാണ് കെ.എസ്.എസ്.എസ് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്ത്. കൂടാതെ വെള്ളപ്പൊക്ക ദുരിതം ഏറ്റവും കൂടുതൽ നേരിട്ട കുട്ടനാടൻ ജനതയ്ക്ക് കെ.എസ്.എസ്.എസ് സഹായ ഹസ്തമൊരുക്കി, ഭാരതമെത്രാൻ സമിതിയുടെ സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇൻഡ്യയുമായി കൈകോർത്തു കൊണ്ടാണ് കെ.എസ്.എസ്.എസ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറിമാരായ ഫാ. മാത്യൂസ് വലിയ പുത്തൻപുരയിൽ, ഫാ. ജെയിംസ് വടക്കേകണ്ടംങ്കരിയിൽ, ഗ്രാമ വികസന സമിതി പ്രസിഡന്റുമാർ, ലോക്കൽ കെ.എസ്.എസ്.എസ്

അംഗങ്ങൾ, സ്വാശ്രയ സംഘ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രളയബാധിത മേഖലകളിൽ സഹായ ഹസ്തമൊരുക്കിയത്.

## ഹെലൻ കെല്ലർ ദിനാചരണം സംഘടിപ്പിച്ചു

ജൂൺ 27 ഹെലൻ കെല്ലർ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഹെലൻ കെല്ലർ ദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം അഡ്വ. സുരേഷ് കുറുപ്പ് എം.എൽ.എ നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്തയും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, കിവി പോസിറ്റീവ് തിങ്കിംഗ് അക്കാഡമി ട്രെയിനർ ശീഷ്ന ആനന്ദ്, സാമൂഹ്യ പ്രവർത്തകൻ കെ. രാജു എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് സെമിനാറും അന്ധബധിര വൈകല്യമുള്ളവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി ജീവിതം സമർപ്പിച്ച ഹെലൻ കെല്ലറിന്റെ അനുസ്മരണവും പുസ്തക പ്രകാശനവും വരുമാന പദ്ധതി സഹായ വിതരണവും എസ്.എസ്.എൽ.സിയ്ക്കും, +2 വിനും മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കലും നടത്തപ്പെട്ടു. സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൂടാതെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. ദിനാചരണത്തിൽ ഇരുനൂറോളം പേർ പങ്കെടുത്തു.

## സ്വാശ്രയ നേതൃസംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയ നേതൃസംഗമം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം വന-ക്ഷീര വികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു. നിർവ്വഹിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലിത്തയും കെ.എസ്.

എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ഡിവൈഎസ്പി അഡ്മിനിസ്ട്രേഷൻ വിനോദ് പിള്ളൈ മുഖ്യാതിഥിയായി പങ്കെടുത്തു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, കെ.എസ്.എസ്.എസ് കൈപ്പുഴ മേഖല ഫെഡറേഷൻ പ്രസിഡന്റ് ലിസി ലൂക്കോസ്, ചിന്നമ്മ രാജൻ എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. കൈപ്പുഴ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഗ്രൂപ്പുകളിൽ നിന്നും ഇരുന്നൂറോളം ഭാരവാഹികൾ സംഗമത്തിൽ പങ്കെടുത്തു.

## മഴക്കുട- ബോധവത്ക്കരണ ക്യാമ്പയിനുമായി കെ. എസ്. എസ്. എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മഴക്കാല രോഗങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും മഴക്കുട എന്ന പേരിൽ ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിന്റെ കേന്ദ്രതല ഉദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ ഏറ്റുമാനൂർ സർക്കിൾ ഇൻസ്പെക്ടർ എ.ജെ തോമസ് നിർവ്വഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ഡോ. ബിനു അരീക്കൽ, ഹണി സെബാസ്റ്റ്യൻ, ലിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് കോട്ടയം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസൻ ഡിപ്പാർട്ട്മെന്റ് അസോസിയേറ്റ് പ്രൊഫസർ ഡോ. ബിനു അരീക്കൽ നേതൃത്വം നൽകി. സ്വാശ്രയസംഘങ്ങളിലൂടെ മഴക്കാലരോഗ പ്രതിരോധത്തോടൊപ്പം ജലസാക്ഷരതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.എസ്.എസ് മഴക്കുട പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി തുടർ അവബോധ

ക്ലാസ്സുകൾ ഗ്രാമങ്ങളിൽ നടത്തപ്പെടും. കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് പകൽവീട് പദ്ധതിയ്ക്ക് തുടക്കമായി

വയോജനങ്ങളുടെ സമഗ്ര വളർച്ചയോടൊപ്പം മാനസിക ഉല്ലാസവും ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത പകൽ വീട് പദ്ധതിയ്ക്ക് തുടക്കമായി കെ.എസ്.എസ്.എസ് കൈപ്പുഴ മേഖലയിലെ പാലത്തുരുത്ത് ഗ്രാമത്തിലെ മരിയൻ വില്ലയിലാണ് പകൽ വീട് പദ്ധതി ആരംഭിച്ചിരിക്കുന്നത്. പകൽവീടിന്റെ ഉദ്ഘാടനം കൈപ്പുഴ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ജെയിംസ് മലയിൽ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. നീണ്ടൂർ ഗ്രാമപഞ്ചായത്ത് മെമ്പർ മിനി കുഞ്ഞുമോൻ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി. കെ ശിവശങ്കരൻ, എബ്രഹാം തറയിൽ, നീണ്ടൂർ ആയുർവേദ ആശുപത്രി ഡോക്ടർ മഹേഷ് ബാബു, കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ. ചിന്നമ്മ രാജൻ, മിനി സജി, വനിതാസ്വാശ്രയ സംഘം ഗ്രാമതല സെക്രട്ടറി എൽസമ്മ ജോയി എന്നിവർ പ്രസംഗിച്ചു. വയോജനങ്ങൾക്ക് ഒത്തുകൂടുവാനും അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുവാനും ഒന്നിച്ച് വിനോദങ്ങളിൽ ഏർപ്പെടുവാനും തൊഴിൽ പരിശീലനങ്ങളിലൂടെ വരുമാനം കണ്ടെത്തുവാനും പ്രഥമിക മെഡിക്കൽ പരിശോധനകൾ നടത്തുവാനുമാണ് പകൽവീട് പ്രവർത്തിക്കുന്നത്. 150തോളം പേർ ചടങ്ങിൽ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് സൗഹൃദവേദി സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗഹൃദവേദി സംഗമം സംഘടിപ്പിച്ചു. പുതിയ കല്ലറ സെന്റ് മേരീസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെ

രുമാനൂർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. എ. വി. മാത്യു, പുതിയ കല്ലറ സൗഹൃദവേദി സെക്രട്ടറി ബിജോയി ചെറിയാൻ, നീണ്ടൂർ സൗഹൃദവേദി പ്രസിഡന്റ് പി.കെ ചാക്കോ, ഗ്രൂപ്പ് പ്രസിഡന്റ് സി.എം മത്തായി, ചിന്നമ്മ രാജൻ, ജിജി ജോൺ എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് റിട്ട. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അസോസിയേറ്റ് ഡയറക്ടർ & പ്രൊഫസർ ഓഫ് പ്ലാന്റ് പതോളജി ഡോ. എ.വി. മാത്യു നേതൃത്വം നൽകി. കൂടാതെ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും മികച്ച ജീവകരുണ്യപ്രവർത്തനം നടത്തിയ പുരുഷ ഗ്രൂപ്പ് അംഗങ്ങളെയും ആദരിച്ചു. കർഷക കൂട്ടായ്മയിലൂടെ കാർഷിക മേഖലയ്ക്ക് കരുത്ത് പകരുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് കൈപ്പുഴ മേഖലയിൽ പ്രവർത്തിക്കുന്ന സൗഹൃദവേദി യൂണിറ്റുകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

## നൈപുണ്യ ദിനാചരണം സംഘടിപ്പിച്ചു

ദേശീയ നൈപുണ്യ ദിനാചരണത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നൈപുണ്യ ദിനാചരണം സംഘടിപ്പിച്ചു. ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതിയുടെ ഭാഗമായി ചേർപ്പുങ്കൽ സമരിറ്റൻ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി അബ്രഹാം നിർവ്വഹിച്ചു. കുടുംബശ്രീ എ.ഡി.എം.സി ബിനോയ് കെ. ജോസഫ്, കുടുംബശ്രീ ഡി.പി.എം ബിനീഷ് സെബാസ്റ്റ്യൻ, കെ.എസ്.എസ്.എസ് അസി. സെക്രട്ടറിമാരായ ഫാ. മാത്യുസ് വലിയപുത്തൻപുരയിൽ, ഫാ. ജെയിസ് വടക്കേകണ്ടംങ്കരിയിൽ, സ്റ്റുഡന്റ്സ് പ്രതിനിധി അഞ്ചുമോൾ പി.എ എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറിന് റിസോഴ്സ് പേഴ്സൺ സോജൻ തോമസ്

നേതൃത്വം നൽകി. കൂടാതെ കുട്ടികളുടെ വിവിധ കലാപരിപാടികളും പേരന്റ്സ് മീറ്റിംഗും നടത്തപ്പെട്ടു. നൂറ്റമ്പതോളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

## ഡോക്ടേഴ്സ് ദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ദിനാചരണം സംഘടിപ്പിച്ചു. കുമരകം അഗാപ്പെ ഡേകെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കുമരകത്ത് സംഘടിപ്പിച്ച ദിനാചരണത്തോടനുബന്ധിച്ച് കുമരകം പി.എച്ച്.സിയിലേക്ക് അഗാപ്പെ ഡേ കെയർ സെന്ററിലെ കുട്ടികളെ ഉൾപ്പെടുത്തി റാലി സംഘടിപ്പിച്ചു. കൂടാതെ ഡോക്ടേഴ്സിന് ഭിന്നശേഷിയുള്ള കുട്ടികൾ നിർമ്മിച്ച കരകൗശല വസ്തുക്കളും മധുര പലഹാരവും നൽകി. ദിനാചരണത്തിൽ നൂറോളം പേർ പങ്കെടുത്തു.

## കെ. എസ്. എസ്. എസ് സ്വാശ്രയസംഘാംഗത്തിന്റെ കവിതാ സമാഹാരം പ്രകാശനം ചെയ്തു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കടുത്തുരുത്തി മേഖലയിൽ പ്രവർത്തിക്കുന്ന മധുരവേലി സി.ബി.ആർ ഗ്രൂപ്പംഗവും മാനസിക വൈകല്യവും ഓട്ടിസവും ബാധിച്ച രണ്ട് കുട്ടികളുടെ മാതാവുമായ എം.ആർ രാധാമണിയുടെ 39 കവിതകൾ അടങ്ങുന്ന 'വഴിപോക്കത്തി' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്തു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ കോട്ടയം അതിരൂപത മെത്രാപ്പോലീത്തയും കെ.എസ്.എസ്.എസ് രക്ഷാധികാരിയുമായ മാർ മാത്യു മൂലക്കാട്ട് അഡ്വ. സുരേഷ് കുറുപ്പ് എം.എൽ.എയ്ക്ക് നൽകിയാണ് പുസ്തകത്തിന്റെ ആദ്യ കോപ്പി പ്രകാശനം ചെയ്തത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, കിവി പോസിറ്റീവ് തിങ്കിംഗ് അക്കാഡമി ട്രെയിനർ ശീഷ്ന ആനന്ദ്, സാമൂഹ്യ പ്രവർത്തകൻ കെ. രാജു, എം.ആർ രാധാമണി എന്നിവർ സന്നിഹിതരായിരുന്നു.

## ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

വയോജനങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ ഗ്രൂപ്പംഗങ്ങൾക്കായി ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ നീണ്ടൂർ ആയുർവ്വേദ ആശുപത്രിയുമായി സഹകരിച്ച് പാലത്തുരുത്ത് മരിയൻ വില്ലയിലാണ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്. വിദഗ്ദ്ധ ഡോക്ടർ മാരുടെ നേതൃത്വത്തിൽ പരിശോധനയും മരുന്ന് വിതരണവും ക്രമീകരിച്ചിരുന്നു. 146റോളം പേർ പങ്കെടുത്തു.

## ഹെപ്പറ്റൈറ്റിസ് ദിനാചരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കുമരകത്ത് പ്രവർത്തിക്കുന്ന അഗാപ്പെ ഡെ കെയർ സെന്ററിൽ ഹെപ്പറ്റൈറ്റിസ് ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തോടനുബന്ധിച്ച് മഞ്ഞപ്പിത്തവും പ്രതിരോധ മാർഗ്ഗങ്ങളും, മഴക്കാല രോഗങ്ങളും പരിഹാര മാർഗ്ഗങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി കുമരകം പി.എച്ച്.സിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ജോസി അലക്സ് സെമിനാർ നയിച്ചു. ഭിന്നശേഷിയുള്ള കുട്ടികളും അവരുടെ മാതാപിതാക്കളും ഉൾപ്പെടെ 60 തോളം പേർ പങ്കെടുത്തു. സിസ്റ്റർ നിഖില എസ്.ജെ.സി, ഷേർളി ജോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## കാലവർഷക്കെടുതിയിൽ കൈതാങ്ങായി മാസ്സ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജപുരം മേഖലയിലെ കൊട്ടോടി പ്രദേശത്തെ സാധു കുടുംബങ്ങൾക്ക് ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10 കുടുംബങ്ങൾക്ക് അരി, പഞ്ചസാര, തേയില, പലവ്യഞ്ജനങ്ങൾ തുടങ്ങിയ സാധനങ്ങളാണ് വിതരണം ചെയ്തത്. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സാധുജന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.

## അമ്മ അറിയാൻ പ്രോഗ്രാം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രാജപുരം മേഖലയിൽ 'അമ്മ അറിയാൻ' പ്രോഗ്രാം സംഘടിപ്പിച്ചു. ആധുനിക ലോകത്ത് മാറിമാറി വരുന്ന ജീവിതശൈലിയും, നവമാധ്യമങ്ങളുടെ അതിപ്രസരവും, തെറ്റുകണ്ടെത്തുന്നതിലും തിരുത്ത് നൽകുന്നതിലും ഇന്നത്തെ മാതാ-പിതാക്കൾ പരാജയപ്പെടുന്നതും കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്കും ഭംഗം വരുത്തുന്നു. ഈ കാലഘട്ടത്തിൽ മക്കളെ സനാതന മൂല്ല്യമുള്ളവരും, സാമൂഹിക പ്രതിബന്ധതയോടെ ചിന്തിക്കുന്നവരും, പ്രവർത്തിക്കുന്നവരും, കുടുംബബന്ധങ്ങൾക്കും മാനുഷിക മുല്യങ്ങൾക്കും വിലകല്പ്പിക്കുന്നവരുമാക്കി തീർക്കാൻ അമ്മമാർക്ക് പരിശീലനം നൽകുകയാണ് ഈ പ്രോഗ്രാം കൊണ്ട് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം മാലക്കല്ല് ലൂർദ്ദ് മാതാ പാരീഷ് ഹാളിൽ കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ ജോസഫ് ഉദ്ഘാടനം ചെയ്തു. മാലക്കല്ല് ലൂർദ്ദ് മാതാ പള്ളി വികാരി ഫാ. ബൈജു എടാട്ട് അദ്ധ്യക്ഷത വഹിച്ചു. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് സ്വാഗത പ്രസംഗം നടത്തി. വാർഡ് മെമ്പർമാരായ ജിനീഷ് പി.ജെ, മിനി രാജു എന്നിവർ ആശംസകൾ അർപ്പിച്ചു.

പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയ ബോധവത്ക്കരണ പരിപാടിയിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ ക്ലാസ് നയിച്ചു. മാലക്കല്ല് യൂണിറ്റ് ആനിമേറ്റർ മേഴ്സി ജോർജ് നന്ദി പറഞ്ഞു. കോ-ഓർഡിനേറ്റർ ആൻസി ജോസഫ്, സി. സ്നേഹ എസ്.ജെ.സി. എന്നിവർ നേതൃത്വം നൽകി.

## ലോക ജനസംഖ്യാ ദിനാചരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പയ്യാവൂർ സെന്റ് ആൻസ് പാരീഷ് ഹാളിൽ ലോകജനസംഖ്യാ ദിനാചരണം നടത്തി. പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപറമ്പിൽ ഉദ്ഘാടനം ചെയ്തു. പയ്യാവൂർ സെന്റ് ആൻസ് പള്ളി വികാരി ബഹു. ബാബു പാറത്തോടുംക്കര അച്ചൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. ഒരു രാജ്യത്തിന്റെ സമ്പത്ത് അദ്ധ്വാനിക്കുന്ന വരും, ആരോഗ്യമുള്ള ഒരു ജനതയാണെന്നും ആയതിനാൽ ജനങ്ങളുടെ അവകാശം സംരക്ഷിക്കാൻ രാജ്യവും രാജ്യത്തിലെ ഓരോ പൗരനും ശ്രമിക്കണമെന്നും അച്ചൻ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറയുകയുണ്ടായി. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് സ്വാഗത പ്രസംഗം നടത്തി. ഈ വർഷത്തെ ഐക്യരാഷ്ട്ര സഭയുടെ ലോക ജനസംഖ്യാ ദിനത്തിന്റെ സന്ദേശ മായ 'കുടുംബസംരക്ഷണം മനുഷ്യന്റെ അവകാശമാണെന്നുള്ള' കാര്യത്തെ സൂചിപ്പിക്കുകയും, കുടുംബബന്ധങ്ങൾ സംരക്ഷി ക്കേണ്ട ആവശ്യകതയെപ്പറ്റിയും സൂചിപ്പിച്ചു. പ്രോഗ്രാമിൽ പയ്യാവൂർ കാരിത്താസ് മേഴ്സി ഹോസ്പിറ്റൽ നഴ്സിംഗ് സൂപ്രണ്ട് ഏലിയാമ്മ ജോസ് ആശംസ പറയുകയുണ്ടായി. ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ബോധവത്ക്കരണ പരിപാടിയിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ ക്ലാസ് നയിച്ചു. മാസ്സ് പയ്യാവൂർ യൂണിറ്റ് ആനിമേറ്റർ ആൻസി ജോസ് നന്ദി പറഞ്ഞു. കോ- ഓർഡി നേറ്റർ റെനി സിബി നേതൃത്വം നൽകി. ദിനാചരണ പരിപാടിയിൽ പയ്യാവൂർ മാസ്സ് യൂണിറ്റിലെ 102 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയ കൂട്ടായ്മ നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രാജപുരം മേഖലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘം

അംഗങ്ങളുടെ കൂട്ടായ്മ, യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തി. പ്രോഗ്രാമിന്റെ ഉദ്ഘാടനം മാലക്കല്ല് ലൂർദ്ദ് മാതാ പാരീഷ് ഹാളിൽ കള്ളാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ത്രേസ്യാമ്മ ജോസഫ് നിർവഹിച്ചു. മാലക്കല്ല് ലൂർദ്ദ് മാതാ പള്ളി വികാരി ഫാ. ബൈജു എടാട്ട് അദ്ധ്യക്ഷത വഹിച്ചു. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് സ്വാഗതപ്രസംഗം നടത്തി. പൂക്കയം യൂണിറ്റ് സ്വാശ്രയ സംഘം കൂട്ടായ്മയിൽ ഫാ. ജോഷി വല്ലാർക്കാട്ടിലും, കല്ലാർ യൂണിറ്റിൽ ഫാ. റെജി തണ്ടാശ്ശേരിൽ, കൊട്ടോടി യൂണിറ്റിൽ ഫാ. ഷാജി മേക്കര, രാജപുരം യൂണിറ്റിൽ ഫാ. ഷാജി വടക്കേതൊട്ടി, ചുള്ളിക്കര യൂണിറ്റിൽ ഫാ. ജോർജ് പന്ന്യാൽ എന്നിവർ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. പ്രോഗ്രാമിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ ക്ലാസ്സ് നയിച്ചു. സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസഫ് എന്നീ യൂണിറ്റ് ആനിമേറ്റേഴ്സ് നേതൃത്വം നൽകി.

## അനുമോദിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടോടി യൂണിറ്റിൽ 2017-2018 വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങിയ ദേവിക സാബുവിനെ അനുമോദിച്ചു. യൂണിറ്റിന് വേണ്ടിയുള്ള ഉപഹാരം കൊട്ടോടി മാസ്സ് യൂണിറ്റ് രക്ഷാധികാരി ഫാ. ഷാജി മേക്കര വിതരണം ചെയ്തു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും പഠിച്ച് ഉന്നതവിജയം കരസ്ഥമാക്കിയ ദേവികയേയും മാതാ-പിതാക്കളെയും അച്ചൻ അഭിനന്ദിക്കുകയു ണ്ടായി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ ആശംസയും, സി. സ്നേഹ എസ്.ജെ.സി സ്വാഗതവും ബിൻസി ജോസഫ് നന്ദിയും പറഞ്ഞു. കോ-ഓർഡിനേറ്റർ ആൻസി ജോസഫ് നേതൃത്വം നൽകി.

## എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ കോളനിയിലെ വിദ്യാർത്ഥികളെ അനുമോദിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പയ്യാവൂർ കോളനിയിൽ നിന്നും 2017-2018 വർഷം എസ്.എസ്.

എൽ.സി, +2 പാസായ എല്ലാ വിദ്യാർത്ഥികളെയും അനുമോദിച്ചു. വാതിൽമട കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ വാർഡ് മെമ്പർ ജയൻ മല്ലിശ്ശേരി അദ്ധ്യക്ഷത വഹിച്ചു. സാധാരണ, പരീക്ഷ കളിൽ എ+ നേടിയ കുട്ടികളെ മാത്രം ആദരിക്കുമ്പോൾ മാസ്സ് പരീക്ഷയിൽ വിജയിച്ച എല്ലാവരെയും അനുമോദിച്ചതിന് മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ അദ്ദേഹം പ്രത്യേകം പ്രശംസിക്കുകയുണ്ടായി. പ്രോഗ്രാമിന്റെ ഉദ്ഘാടനം മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് നിർവഹിച്ചു. സമൂഹത്തിന്റെ താഴെ തട്ടിലുള്ള വ്യക്തികളെ ഉയർത്തിക്കൊണ്ട് വരിക എന്നത് മാസ്സ് ലക്ഷ്യം വയ്ക്കുന്ന കാര്യമാണെന്നും, കോളനി സാഹചര്യങ്ങളിൽ നിന്നും പഠിച്ച് എസ്.എസ്.എൽ.സി, +2 പാസായ എല്ലാ കുട്ടികളെയും അവരുടെ മാതാ-പിതാക്കളേയും അച്ചൻ പ്രശംസിക്കുകയുണ്ടായി. എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ വിവിധ കോളനികളിൽ നിന്നും വിജയിച്ച 32 കുട്ടികൾ കാഷ് അവാർഡും, ഷീൽഡും നല്കി ഫാ. ബിബിൻ കണ്ടോത്ത് അനുമോദിക്കുകയം ചെയ്തു. അനുമോദന ചടങ്ങിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാഗത പ്രസംഗം നടത്തി. മാസ്സ് പ്രൊജക്ട് ഓഫീസർ ജോബി ജോൺ ആശംസയർപ്പിച്ചു. വാതിൽമട കോളനി സെക്രട്ടറി രാജൻ അവിടുത്ത് നന്ദി പറഞ്ഞു. കോ-ഓർഡിനേറ്റർ റെനി സിബി ഫീൽഡ് ഗൈഡുകൾ എന്നിവർ നേതൃത്വം നൽകി.

## മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി ലോൺ മേള സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ ജില്ലാ സഹക രണ ബാങ്കിന്റെ ധനസഹായത്തോടെ അലക്സ് നഗർ പാരീഷ് ഹാളിൽ ലോൺമേള സംഘടിപ്പിച്ചു. കുറഞ്ഞ പലിശ നിരക്കിൽ സ്വാശ്രയ സംഘം അംഗങ്ങൾക്ക് ലോൺ നൽകി. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, ഇതിലൂടെ വരുമാനമുയർത്തി ജീവിത നിലവാരം ഉയർത്തുക എന്നതാണ് പ്രോഗ്രാമിലൂടെ മാസ്സ് ലക്ഷ്യം വയ്ക്കുന്നത്. പ്രോഗ്രാമിന്റെ ഉദ്ഘാടനം കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ഡപ്യൂട്ടി ജനറൽ മാനേജർ മിത്രൻ ഉദ്ഘാടനം ചെയ്തു.

അലക്സ് നഗർ സെന്റ് ജോസഫ് പള്ളി വികാരി ഫാ. ഷെൽട്ടൺ അപ്പോഴി പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് സെക്രട്ടറി ഫാ. ബിബൻ കണ്ടോത്ത് സ്വാഗത പ്രസംഗം നടത്തി. പ്രസ്തുത പ്രോഗ്രാമിലൂടെ മാസ്സ് ലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ശ്രീകണ്ഠാപുരം ശാഖാ മാനേജർ അലക്സ് ജോസഫ് ആശംസ പ്രസംഗം നടത്തി. പദ്ധതിപ്രകാരം സ്വാശ്രയ സംഘം അംഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ പശു വളർത്തൽ, ടെയ്‌ലറിംങ് യൂണിറ്റ്, കച്ചവടം തുടങ്ങിയ സ്വയം തൊഴിലുകൾക്കാണ് വായ്പ അനുവദിക്കുക. വായ്പ സംബന്ധിച്ച കാര്യങ്ങൾ പ്രോഗ്രാമിൽ ജില്ലാ ബാങ്ക് ഡി.ജി.എം. വിശദീകരിക്കു കയുണ്ടായി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ നന്ദി പറഞ്ഞു. മനോജ് വി. സ്വാശ്രയ സംഘം ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി. അലക്സ് നഗർ സ്വാശ്രയ സംഘം അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയ സംഘം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഗോത്രവർഗ്ഗ വികസന പദ്ധതിയുടെ ഭാഗമായി വഞ്ചിയം കോളനിയിൽ സ്വാശ്രയ സംഘം രൂപീകരിച്ചു. വരുമാന പദ്ധതികളിലൂടെ കുടുംബങ്ങളുടെ ശാക്തീകരണവും, കൂട്ടായ്മയിലൂടെ കോളനി വാസികളായ സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും, ബദൽ ജീവിത രീതികളിലൂടെ സാമ്പത്തിക നേട്ടം ഉണ്ടാക്കുവാനും, സ്വാശ്രയ സംഘരൂപീകരണത്തിലൂടെ മാസ്സ് ലക്ഷ്യം വയ്ക്കുന്നു. സ്വാശ്രയ സംഘത്തിന് നേതൃത്വം കൊടുക്കുവാൻ നിഷ പി. ആർ, രജിത രാഘവൻ, ഗിരിജ എം.കെ എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. എല്ലാ മാസത്തെയും 15, 30 തീയതികളിൽ കോളനിയിലുള്ള വനിതാ പരിശീലന ഹാളിൽ യോഗം ചേരുന്നതാണ്. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ, മനോജ് വി, സുമതി എന്നിവർ നേതൃത്വം നൽകി.

## വിളപരിപാലന പരിശീലനപരിപാടി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പയ്യാവൂർ ഗ്രാമ പഞ്ചായത്തിലെ ഗോത്രവർഗ്ഗ കോളനികളിൽ നടപ്പിലാക്കികൊണ്ടി

രിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി കരിമ്പംക്കണ്ടി കോളനി വനിതാ പരിശീലന കേന്ദ്രത്തിൽ വച്ച് വിള പരിപാലന പരിശീലന പരിപാടി സംഘടിപ്പിച്ചു. വിളകളുടെ നടീൽ, വള പ്രയോഗം, പരിപോഷണം തുടങ്ങിയ കാര്യങ്ങളിൽ ക്ലാസ്സെടുക്കു കയുണ്ടായി. പദ്ധതി പ്രകാരം കോളനികളിൽ വിത രണം ചെയ്ത വിളകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ക്ലാസ്സ് ഓർമ്മിപ്പി ക്കുകയുണ്ടായി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാട പ്പുള്ളിൽ നേതൃത്വം നൽകി. പ്രോഗ്രാമിൽ കോളനിയിലെ 32 കുടുംബ ങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു. കോളനി ഫീൽഡ് ഗൈഡ് ദിവ്യ മുകേഷ് സ്വാഗതവും, ജാനകി ബാലൻ നന്ദിയും പറഞ്ഞു. മനോജ് വി. നേതൃത്വം നൽകി.

## കർക്കിടക കഞ്ഞികിറ്റ് വിതരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന പരിധിയിലുള്ള സ്വാശ്രയ യൂണിറ്റ് അംഗങ്ങൾക്കായി കർക്കടക കഞ്ഞികിറ്റ് വിതരണം ചെയ്തു. മനുഷ്യർ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ കഴിച്ച് ഗുരുതരമായ ആരോഗ്യപ്രശ്നമുള്ള ഈ കാലത്ത് തികച്ചും മായം കലരാത്തതും, ഔഷധഗുണമുള്ളതും, മനുഷ്യശരീര രക്ഷയ്ക്കുതകുന്നതും, വിദഗ്ധരായ ആയുർവേദ ഡോക്ടർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കിയതുമായ കർക്കട കഞ്ഞികിറ്റുകളാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം അലക്സ് നഗർ സെന്റ് ജോസഫ് പാരിഷ് ഹാളിൽ വികാരി ഫാ. ഷെൽട്ടൻ അപ്പോഴിപ്പറമ്പിൽ നിർവഹിച്ചു. മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ എന്നിവർ സന്നിഹിതരായിരുന്നു. മനോജ് വി. നേതൃത്വം നൽകി.

## വായന ദിനാചരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൊട്ടോടി യിൽ പ്രവർത്തിക്കുന്ന പകൽ വീട്ടിൽ വച്ച് മുതിർന്ന മാതാപിതാക്കൾ ക്കായി വയനാദിനാചരണം സംഘടിപ്പിച്ചു. ഈ ദിനത്തിൽ ഫാ. ജിബിൻ ഒ.എസ്.എച്ച് ക്ലാസ് നയിച്ചു. വാട്ട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയായുടെ അതിപ്രസരണാർത്ഥം

ഇന്നത്തെ തലമുറയ്ക്ക് നഷ്ട്ടപ്പെട്ടുപോയെ വായനാശീലത്തിന്റെ മൂല്യത്തെക്കുറിച്ചും പ്രധാന്യത്തെക്കുറിച്ചും അച്ചൻ ക്ലാസിൽ പറയുകയുണ്ടായി. ഭാവി തലമുറയ്ക്ക് വായനാ ശീലം വളർത്തിയെടുക്കാനുതകുന്ന സാഹചര്യമുണ്ടാക്കണമെന്നും. ഒരു നല്ല വ്യക്തിയെ, ഒരു നല്ല സമൂഹത്തെ വളർത്തിയെടുക്കാൻ വായനാ ശീലം അത്യന്താപേക്ഷിതമാണെന്നും അച്ചൻ വ്യക്തമാക്കി. ക്ലാസിൽ 20 പേർ പങ്കെടുത്തു. സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസ് എന്നിവർ നേതൃത്വം നല്കി.

## ഗ്രാമജ്യോതി സൗരോർജ്ജ പദ്ധതി

ഗ്രാമജ്യോതി സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി മാസ്സ് പ്രവർത്തന മേഖലകളിൽ സോളാർ വിളക്കുകൾ വിതരണം ചെയ്തു. പ്രസ്തുത വിതരണോദ്ഘാടനം കള്ളാർ സെന്റ് തോമസ് പള്ളി വികാരി ഫാ. റെജി തണ്ടാശ്ശേരി നിർവഹിച്ചു. സി. സ്നേഹ എസ്.ജെ.സി, കോ-ഓർഡിനേറ്റർ ആൻസി ജോസ് എന്നിവർ നേതൃത്വം നൽകി.

## നബാർഡ് ഇ – ശക്തി അവലോകനം

നബാർഡ് ഇ-ശക്തി പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്താൻ 18.7.2018 ന് തിരുവനന്തപുരത്ത് നടന്ന മീറ്റിംഗിൽ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് പങ്കെടുത്തു. കൃത്യനിഷ്ഠയിലും, കാര്യനിർവഹണത്തിലും, അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന മാസ്സ് മറ്റ് ഏജൻസികൾക്ക് മാതൃകാപരമാണെന്ന് നബാർഡ് ടീം വിലയിരുത്തി. ഇ-ശക്തി പദ്ധതിയിലുൾപ്പെട്ട സ്വാശ്രയ സംഘങ്ങളുടെ ലോൺ വിവരങ്ങൾകൂടി ഉൾപ്പെടുത്തി യഥാസമയം പുതുക്കണമെന്ന നബാർഡിന്റെ നിർദ്ദേശം കോ-ഓർഡിനേറ്റർ റെനി സിബിയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി.

**ഫാ. ബിബിൻ കണ്ടോത്ത്**
സെക്രട്ടറി, മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമമായ കഞ്ഞിക്കുഴിയിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ മഴക്കാല രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് മെമ്പർ സിമിന ബിനോയി നിർവ്വഹിച്ചു. ചടങ്ങിൽ ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ അധ്യക്ഷത വഹിച്ചു. 'ആയുർവ്വേദം ആയുസിന്റെ വേദം' എന്ന വിഷയത്തെ ആസ്പദമാക്കി മെഡിക്കൽ ഓഫീസർമാരായ ഡോക്ടർ ഡിജി റ്റി.ഡി, ഡോക്ടർ ദിലീപ് വി.വി എന്നിവർ സെമിനാർ നയിച്ചു. സൗജന്യ പരിശോധനയും, മുറിവെണ്ണ, കഷായം, പെയിൻ ബാം, അരിഷ്ടം, രാസ്നാദിപ്പൊടി, ധൂമ ചൂർണ്ണം, താലിസ്, ലേഹ്യം മുതലായ മരുന്നുകളും വിതരണം ചെയ്തു. നൂറ്റമ്പതോളം ആളുകൾ പങ്കെടുത്തു.

## സംഘശാക്തീകരണം ഗ്രാമതലങ്ങളിൽ

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സംഘശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിലിന്റെ നേതൃത്വത്തിൽ ഗ്രീൻവാലി സ്റ്റാഫംഗങ്ങൾ നാരകക്കാനം, എൻ.ആർ സിറ്റി, കഞ്ഞിക്കുഴി എന്നീ ഗ്രാമങ്ങിലെ സംഘങ്ങളിൽ സന്ദർശനം നടത്തി. ഒരു ഗ്രാമത്തിൽ ഒരേ സമയം നടക്കുന്ന സംഘമീറ്റിംഗുകളിൽ ആണ് സ്റ്റാഫംഗങ്ങൾ സന്ദർശനം നടത്തി വിലയിരുത്തൽ നടത്തിയത്.

## പച്ചക്കറി വിത്തുകൾ ലഭ്യമാക്കി

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പടമുഖം ഗ്രാമത്തിൽ സ്വാശ്രയ സംഘങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെട്ട് പച്ചക്കറി വിത്തുകൾ ലഭ്യമാക്കി.

## ആരോഗ്യ സെമിനാറും സൗജന്യ പരിശോധനയും നടത്തി

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയും മുല്ലക്കാനം പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി സഹകരിച്ച് എൻ.ആർ.സിറ്റിയിൽ ആരോഗ്യ സെമിനാറും സൗജന്യ പ്രഷർ, ഷുഗർ നിർണ്ണയവും നടത്തി. പരിപാടികൾക്ക് മുല്ലക്കാനം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് അംഗങ്ങൾ, ജിഡിഎസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. നൂറോളം പേർ പങ്കെടുത്തു.

**ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ**

സെക്രട്ടറി, ജി.ഡി.എസ്.

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ – ഏകദിന ധ്യാനം തൂവാനിസയിൽ

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 7 വെള്ളിയാഴ്ച തൂവാനിസയിൽ ഏകദിനധ്യാനം സംഘടിപ്പിക്കുന്നു. ഇടുക്കി തങ്കച്ചന്റെ നേതൃത്വത്തിലുള്ള ടീം ധ്യാനത്തിന് നേതൃത്വം നൽകും.

## സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോയിഷന്റെ നേതൃത്വത്തിൽ വിധവകളുടെ മക്കൾക്കായി സ്കോളർഷിപ്പ് ലഭ്യമാക്കുന്നു. ഇക്കഴിഞ്ഞ വർഷം പ്ലസ് ടുവിന് 80% മാർക്ക് ലഭിച്ച കുട്ടികളുടെ തുടർ പഠനത്തിനായാണ് തുക ലഭ്യമാക്കുന്നത്. അർഹരായ വ്യക്തികൾ കെ.സി.ഡബ്ല്യു. എ ഫൊറോന ഭാരവാഹികൾ വഴി ഓഗസ്റ്റ് 15 നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**സിൻസി പാറേൽ**

സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂലൈ 2018**

5 ചങ്ങനാശ്ശേരി അതിരൂപത മെത്രാസന മന്ദിരത്തിൽ നടന്ന അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ സപ്തതി ആഘോഷത്തിൽ പങ്കെടുത്തു.

6 ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽ പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും ഇൻഡോർ സ്റ്റേഡിയവും വെഞ്ചരിച്ചു.

7 അതിരൂപത മൈനർ സെമിനാരിയിൽ നടന്ന ബെഞ്ചമിൻസ് മീറ്റിൽ വി. ബലിയർപ്പിച്ചു സന്ദേശം നൽകി.

\- കല്ലറ സെന്റ് തോമസ് ഹൈസ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ചു.

\- വെച്ചൂർ ഇടവകയിൽ സന്ദർശനം നടത്തി.

8 കല്ലറ പഴയ പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

11 ചൈതന്യയിൽ സംഘടിപ്പിച്ച കെ.എസ്.എസ്.എസിന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു.

12 ചൈതന്യയിൽ കൂടിയ അതിരൂപത ടീച്ചേഴ്സ് ഗിൽഡിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം നടത്തി.

\- ചൈതന്യയിൽ കൂടിയ അതിരൂപത ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

\- കോതനല്ലൂർ എൽ.ഡി.എസ്.ജെ.ജി. റീജണൽ ഹൗസിൽ വി. ജോൺ ഗിൽബർട്ടിന്റെ തിരുനാൾ ദിനത്തിൽ വി. ബലിയർപ്പിച്ചു.

13 അതിരൂപത വൈദീകനായ നിര്യാതനായ കാക്കനാട്ട് ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പയ്യാവൂർ പള്ളിയിൽ കാർമ്മികത്വം വഹിച്ചു.

14 ചൈതന്യയിൽ കൂടിയ അതിരൂപത പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

15 കിടങ്ങൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

\- കേരള ചീഫ് സെക്രട്ടറിയായി നിയമിതനായ ടോം ജോസിന് ചെറുകരയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

- അരീക്കരയിൽ നടന്ന അതിരൂപത കെ.സി.വൈ.എൽ.ന്റെ നേതൃത്വത്തിൽ നടന്ന യുവജനദിനാഘോഷം ഉദ്ഘാടനം ചെയ്തു.

17–31 അമേരിക്കയിൽ സന്ദർശനം നടത്തി.

19–22 അമേരിക്കയിലെ അറ്റ്ലാന്റയിൽ നടന്ന കെ.സി.സി.എൻ.എ. കൺവൻഷനിൽ പങ്കെടുത്തു.

**ഓഗസ്റ്റ് 2018**

1–3 തൂവാനീസയിൽ നടന്ന അതിരൂപത വൈദികരുടെ മാസ ധ്യാനത്തിൽ പങ്കെടുത്തു.

3 തൂവാനീസയിൽ കൂടിയ അതിരൂപത വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

5 സംക്രാന്തി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

# ENGAGEMENTS

## Mar Mathew Moolakkatt

**August 2018**

7 KCBC Colloquium at POC.

7-11 KCBC Retreat at Kakkanad.

12 Pastoral Visit at Kaipuzha.

13 Holy Qurbana and Blessing of the new building of St. John's L.P. School, Chamakala.

14 Nilackal Trust Meeting at Nilackal.

15 Holy Qurbana and Conclusion of the Golden Jubilee Celebrations of SVM Convent, Mallooserry.

- Apnades Merit Day at Chaithanya.

16 Holy Qurbana at MSP Seminary, S.H. Mount.

17 Vicars and Accountants Meeting at Chaithanya.

\- Chaithanya Commissions Meet at Chaithanya.

19 Pastoral Visit at Maridom.

20-31 Syro Malabar Bishops Synod at Kakkanad.

**September**

1 Archeparchial Day at Thuvanisa.

2 Pastoral Visit at Kurumulloor.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂലൈ 2018**

7 ഇംഗ്ലണ്ടിലെ ബർമിംഹാമിൽ നടന്ന യു.കെ.കെ.സി.എ. കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

8 മാഞ്ചസ്റ്റർ ക്നാനായ ചാപ്ലയിൻസിയിലുള്ള ക്നാനായക്കാർക്ക് വേണ്ടി വി. കുർബാന അർപ്പിച്ചു.

14 ചൈതന്യയിൽ പുതുതായി രൂപീകരിക്കപ്പെട്ട അതിരൂപതാതല പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

15 തൂവാനീസായിൽ സംഘടിപ്പിക്കപ്പെട്ട അതിരൂപതാതല വിശ്വാസപരിശീലന അദ്ധ്യാപകരുടെ സമ്മേളനത്തിൽ വി. കുർബാന അർപ്പിക്കുകയും, മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

19–22 അമേരിക്കയിലെ അറ്റ്ലാന്റായിൽ നടന്ന കെ.സി.സി.എൻ.എ. യുടെ കൺവൻഷനിൽ പങ്കെടുത്തു.

26 കൂടല്ലൂർ ഇടവക ഡീക്കൻ ജെയ്മോൻ ചേത്തലിൽ M.C. യ്ക്ക് പുരോഹിതപട്ടം നല്കി.

27 ശ്രീപുരം സ്കൂളിൽ പ്രിൻസിപ്പാളായി സേവനം ചെയ്ത പ്രൊഫ. റ്റൈറ്റസിന് നല്കിയ യാത്രയയപ്പു സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിച്ചു.

29 അതിരൂപതാ മൈനർ സെമിനാരിയിൽ വച്ച് ബ്രദർ ഗ്രെയ്സൺ വേങ്ങയ്ക്കലിന് ഡീക്കൻ പട്ടം നൽകി.

30– ഓഗസ്റ്റ് 2
തൂവാനീസായിൽ വച്ച് അതിരൂപതാ വൈദികർക്കായി നടത്തിയ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

2 ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജ് അപ് ഗ്രേഡ് ചെയ്തതിന്റെ സുവർണ്ണജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു.

# ENGAGEMENTS

## Mar Joseph Pandarasseril

**August 2018**

3 Presbyterium at Thuvanisa.

7-11 KCBC Retreat at Mount St. Thomas, Kakkanad.

12 Vincent de Paul Annual Meeting Inauguration at Chaithanya.

15 Holy Qurbana and Blessing of Remodified Church at Mangaldam.

18,19 Pastoral Visit at Pius Nagar.

20-31 Synod at Mount St. Thomas Kakkanad.

**September**

1 Archeparchial Day at Thuvanisa.

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ: വചനശുശ്രൂഷകൻ

**(തിരുവചനഭാഗം: ശ്ലീഹ 6, 1-7, 60)**

ശ്ലീഹ 6 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങൾ ആദിമസഭയുടെ വളർച്ചയുടെ ഒരു സുപ്രധാന ഘട്ടമാണ്. ജറുസലേമിലെ ക്രൈസ്തവസമൂഹമായിട്ടു തുടക്കം കുറിച്ച സഭാംഗങ്ങളുടെ വളർച്ചയിൽ ചില മാനുഷികപ്രശ്നങ്ങൾ സഭയ്ക്ക് നേരിടേണ്ടിവന്നു. ഗ്രീക്കുഭാഷ സംസാരിക്കുന്ന യഹൂദരും അറമായഭാഷ സംസാരിക്കുന്നവരും തമ്മിലുള്ള കൂട്ടായ്മയ്ക്ക് തടസ്സമുണ്ടാകത്തക്കവിധം ആവലാതികളുയർന്ന സാഹചര്യത്തിൽ ശ്ലീഹന്മാർ തങ്ങളുടെ ശ്ലൈഹികശുശ്രൂഷയുടെ ഭാഗമായി ഏഴു ഡീക്കന്മാരെ നിയമിക്കുകയും അതേത്തുടർന്ന് സഭ യഹൂദരെയും വിജാതീയരെയും ഉൾക്കൊണ്ട് ഒരു കൂട്ടായ്മയായി മുന്നേറുന്ന ഒരു സമൂഹമായിത്തീരുകയും ചെയ്യുന്നു. ഏഴാം അദ്ധ്യായം മുഴുവൻ സ്തേഫാനോസിന്റെ പ്രസംഗമായതിനാൽ ആറും ഏഴും അദ്ധ്യായങ്ങൾ ഒരുമിച്ച് ഇവിടെ ധ്യാനവിഷയമാക്കാം.

1. ഏഴു ഡീക്കന്മാരെ നിയമിക്കുന്നു (6,1-7)
2. സ്തേഫാനോസിനെ ബന്ധിക്കുന്നു (6,8-15)
3. സ്തേഫാനോസിന്റെ പ്രസംഗം-ആദ്യഭാഗം (7,1-16)
4. സ്തേഫാനോസിന്റെ പ്രസംഗം-രണ്ടാംഭാഗം (7,17-53)
5. സ്തേഫാനോസിനെ വധിക്കുന്നു (7,54-60)

**1. പുരോഹിതശുശ്രൂഷ: വചനശുശ്രൂഷ**

"*അതുകൊണ്ട്, പന്ത്രണ്ടുപേർ ശിഷ്യരുടെ സമൂഹത്തെ ഒന്നിച്ചുകൂട്ടിപ്പറഞ്ഞു: ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരുമായ ഏഴു*

*പേരെ നിങ്ങളിൽനിന്നു കണ്ടുപിടിക്കുവിൻ. ഞങ്ങൾ അവരെ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം"* (6,2-4).

ആദിമസഭ അതിന്റെ വളർച്ചയിൽ ഒരു പുതിയ ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഇതുവരെയും സഭ ജറുസലേമിൽത്തന്നെ ഒതുങ്ങികഴിയുകയായിരുന്നു. യഹൂദക്രൈസ്തവർ മാത്രമായിരുന്നു സഭാംഗങ്ങൾ. പാലസ്തീൻനാട്ടിൽ താമസിച്ചിരുന്നവരും വിദേശങ്ങളിൽ ചിതറിപ്പാർത്തിരുന്നവരും ഗ്രീക്കുഭാഷ സംസാരിക്കുന്നവരും സഭയുടെ ഭാഗമായിക്കഴിഞ്ഞപ്പോൾ സാമ്പത്തികമായ ധനവിനിയോഗത്തെക്കുറിച്ച് ചില പിറുപിറുപ്പുകൾ സഭയിൽ പൊന്തിവന്നു. അപ്പോൾ ശ്ലീഹന്മാർ ശിഷ്യസമൂഹത്തെ ഒരുമിച്ചുകൂട്ടി. പ്രശ്നം പരിഹരിക്കുവാൻ പ്രത്യേകം ആളുകളെ നിയമിക്കണമെന്നുള്ള നിർദ്ദേശം അവരുടെ മുമ്പിൽ വന്നു. സമൂഹം ഏഴു പേരെ തിരഞ്ഞെടുക്കണമെന്നും ശ്ലീഹന്മാർ അവരെ ഈ ജോലിക്കായി നിയോഗിക്കണമെന്നുമായിരുന്നു നടപടിക്രമം. സമൂഹം അതു സ്വീകരിച്ചു. ഏഴു പേരെ തിരഞ്ഞെടുത്തു. ശ്ലീഹന്മാർ അവരുടെമേൽ കൈവച്ചു പ്രാർത്ഥിക്കുകയും അവർ സഭാശുശ്രൂഷയിൽ പ്രവേശിക്കുകയും ചെയ്തു.

കൈവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട ഈ ഏഴു പേർ ഇന്ന് 'ഡീക്കന്മാർ' അഥവാ 'ശെമ്മാശ്ശന്മാർ' എന്ന പദവിയിലുള്ളവരായിരുന്നു എന്നു പറയുക സാദ്ധ്യമല്ല. അവർ സഭയിലെ ശ്ലൈഹികശുശ്രൂഷയുടെ പിൻതുടർച്ചക്കാരെയെല്ലാം പ്രതിനിധീകരിക്കുന്നവരാണ്. അതുകൊണ്ട് മെത്രാന്മാർ, പുരോഹിതർ, ശെമ്മാശ്ശന്മാർ എന്നീ മൂന്നു പൗരോഹിത്യപദവിയിലുള്ളവരെയും അവർ പ്രതിനിധീകരിക്കുന്നുണ്ട്. "ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം" എന്ന ശ്ലീഹന്മാരുടെ പ്രസ്താവന അന്വർത്ഥമാക്കുന്നവരായിട്ടാണ് പിന്നീട് സ്തേഫാനോസിനെയും പീലിപ്പോസിനെയും നാം കാണുന്നത് (ശ്ലീഹ 7-8; 21,8). അതുകൊണ്ട് സഭ

യിലെ ശുശ്രൂഷാപൗരോഹിത്യത്തെത്തന്നെയാണ് ഇവർ പ്രതിനിധീകരിക്കുന്നത്. എന്നാൽ സഭയിലെ പുരോഹിതശുശ്രൂഷ പ്രധാനമായും വചനശുശ്രൂഷയാണ് എന്ന് ഇവിടെ ഊന്നിപ്പറയുന്നു. സഭയുടെ വളർച്ച വചനത്തിന്റെ വളർച്ചയാണ്: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു" (6,7). അതുകൊണ്ട് സഭയിലെ പുരോഹിതശുശ്രൂഷ, 'ഭരണപരം' എന്നതിനെക്കാൾ 'വചനശുശ്രൂഷാപര'മായിരിക്കണമെന്നത് പുരോഹിതർ ശ്രദ്ധിക്കണം.

**2. ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ വചനശുശ്രൂഷ**

"*കിറേനേക്കാരും അലക്സാൺഡ്രിയാക്കാരും കിലീക്യായിലും ഏഷ്യയിലുംനിന്നുള്ളവരും ഉൾപ്പെട്ടിരുന്നതും, സ്വതന്ത്രന്മാരുടെ സിനഗോഗ് എന്നറിയപ്പെട്ടിരുന്നതുമായ സംഘത്തിലെ അംഗങ്ങൾ എഴുന്നേറ്റ് സ്തേഫാനോസിനോട് വാദപ്രതിവാദത്തിലേർപ്പെട്ടു. എന്നാൽ, അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നില്ക്കാൻ അവർക്കു കഴിഞ്ഞില്ല*" (6,9-10).

സ്തേഫാനോസ് 'വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞവൻ' ആയിരുന്നുവെങ്കിലും ശ്ലീഹന്മാരുടെ കൈവയ്പ്പോടുകൂടി അധികം കൃപയും ശക്തിയും പ്രാപിച്ചുകൊണ്ടിരുന്നു. ഈ സ്ഥിതിയിൽ അദ്ദേഹം സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെടുകയും യഹൂദയാഥാസ്ഥിതികരുമായി ഏറ്റുമുട്ടുകയും ചെയ്തു (6,8-8,1). സുവിശേഷത്തിന്റെ അർത്ഥവ്യാപ്തി വിശദമാക്കുവാൻ സ്തേഫാനോസ് ചെയ്ത ശ്രമം പ്രശ്നമുളവാക്കി. അഞ്ചുകൂട്ടം ജനങ്ങളായിരുന്നു സ്തേഫാനോസുമായി ഏറ്റുമുട്ടിയത്: 'സ്വതന്ത്രന്മാർ, കുറേനക്കാർ, അലക്സാൺഡ്രിയാക്കാർ, കിലീക്യക്കാർ, ഏഷ്യാക്കാർ' (6,19). വാദത്തിൽ സ്തേഫാനോസിനെ പിന്നിലാക്കുവാൻ കഴിയാതെവന്ന യഹൂദമതസ്ഥർ തോൽവി സമ്മതിച്ചില്ല. ചർച്ചാവിഷയം യഹൂദരെ ആകമാനം വാശി പിടിപ്പിക്കുന്നതാക്കുവാൻ അവർ ഒരുമ്പെടുകയാണു ചെയ്തത്. സ്തേഫാനോസ് ദൈവത്തിനും മോശയ്ക്കുമെതിരായി

ദൂഷണം പറയുന്നത് അവർ കേട്ടു എന്ന് സാക്ഷ്യം നല്കി. ജനങ്ങളെയും ജനപ്രമാണികളെയും നിയമജ്ഞരെയും ഇളക്കി അവനെ ബന്ധിച്ച് ന്യായാധിപസംഘത്തിന്റെ മുമ്പിൽ കൊണ്ടുവന്നു (6,12).

സ്തേഫാനോസുമായി വാദപ്രതിവാദത്തിലേർപ്പെടുന്നവർക്ക് അവന്റെ സംസാരത്തിൽ വെളിപ്പെട്ട ജ്ഞാനത്തോടും ആത്മാവിനോടും എതിർത്തു നില്ക്കുവാൻ കഴിഞ്ഞില്ല എന്നാണ് പറയുന്നത് (6,9-10). വിശ്വാസവിഷയങ്ങൾ മാനുഷികമായി മനസ്സിലാക്കാൻ ശ്രമിക്കുന്ന പ്രക്രിയയിൽ ഉരുത്തിരിയുന്നതാണല്ലോ ദൈവശാസ്ത്രം. ദൈവശാസ്ത്രപരമായ വിഷയങ്ങളിൽ തർക്കങ്ങളുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് ദൈവശാസ്ത്രപരിശീലനം ലഭിച്ച വൈദികരുടെ ശുശ്രൂഷാരംഗങ്ങളിലും ഇപ്രകാരമുള്ള വാദപ്രതിവാദങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവയെ എപ്രകാരമാണ് നേരിടേണ്ടതെന്ന് ഈ വചനഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു. വചനശുശ്രൂഷകനെന്ന നിലയിൽ പുരോഹിതന്റെ വാക്കുകൾ ജ്ഞാനവും അരൂപിയും നിറഞ്ഞവയായിരിക്കണം. ജ്ഞാനത്തിൽ വളരുവാൻ, വചനം ധ്യാനിക്കുവാൻ, പുരോഹിതൻ സമയം കണ്ടെത്തണം. വചനശുശ്രൂഷയും പ്രാർത്ഥനയും ഒന്നിച്ചുപോകുന്നതുകൊണ്ട് പ്രാർത്ഥിക്കുവാനും പുരോഹിതൻ സമയം കണ്ടെത്തണം. പ്രാർത്ഥനയാണ് അരൂപിയോടു തുറവിയുള്ളവരായി ജീവിക്കുവാൻ നമ്മെ സഹായിക്കുന്നത്. അങ്ങനെ വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം.

**3. രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുന്ന വചനശുശ്രൂഷ**

"*പ്രധാനപുരോഹിതൻ ചോദിച്ചു: ഇതെല്ലാം സത്യമാണോ? അവൻ പ്രതിവചിച്ചു: സഹോദരന്മാരേ, പിതാക്കന്മാരേ, കേട്ടുകൊള്ളുവിൻ. നമ്മുടെ പിതാവായ അബ്രാഹം ഹാരാനിൽ താമസിക്കുന്നതിനു മുമ്പ് മെസൊപ്പൊട്ടാമിയായിലായിരിക്കുമ്പോൾ, മഹത്ത്വത്തിന്റെ ദൈവം അവനു പ്രത്യക്ഷനായി അവനോടു പറഞ്ഞു: നിന്റെ നാട്ടിൽനിന്നും*

*ബന്ധുക്കളിൽനിന്നും നീ പുറപ്പെട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കുപോവുക*" (7,1-3).

സാൻഹെദ്രീൻ സംഘം, സ്തേഫാനോസിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അടിസ്ഥാനമാക്കി അയാളെ വിസ്തരിക്കുവാൻ ഉദ്യമിക്കുകയാണ്. മറുപടിയായി സ്തേഫാനോസ് ദീർഘമായ ഒരു പ്രഭാഷണം നടത്തുന്നു. പ്രഭാഷണത്തിന്റെ അവസാനം അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊല്ലുകയും ചെയ്യുന്നു. ഈശോയിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപ്രവർത്തന ചരിത്രമാണ് പ്രഭാഷണവിഷയം. സ്തേഫാനോസിന്റെ പ്രഭാഷണത്തെ രണ്ടു ഭാഗങ്ങളായി തിരിക്കാം: അബ്രാഹം മുതൽ മോശവരെ (7,1-16); മോശ മുതൽ ഈശോവരെ (7,15-52). ഈശോയുടെ പേര് വ്യക്തമായി പറയാതെ 'നീതിമാൻ' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് പ്രസംഗിക്കുന്നത് (7,52). സ്തേഫാനോസ് ദൈവത്തെയോ ദൈവത്തിന്റെ ആലയത്തെയോ, മോശയെയോ മോശ മുഖാന്തരം ദൈവം നല്കിയ ധർമ്മശാസ്ത്രത്തെയോ നിരാകരിക്കുന്നില്ല. പഴയനിയമത്തിൽ പ്രവാചകന്മാർ മനസ്സിലാക്കിയ അർത്ഥത്തിൽ അവയെ ഉദ്ഘോഷിക്കുക മാത്രമാണു ചെയ്യുന്നത്. ആ അർത്ഥത്തിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ഈശോയിൽ സമ്പൂർത്തി പ്രാപിച്ചു എന്നതാണ് സ്തേഫാനോസിന്റെ പ്രഭാഷണസാരം. അതോടൊപ്പം ദൈവത്തിന്റെ ഈ രക്ഷാകരപ്രവർത്തനത്തെ കണക്കിലെടുക്കാതെ ദൈവാരൂപിയോടു മറുതലിക്കുന്നവരാണ് തന്നെ ചോദ്യം ചെയ്യുന്നവർ എന്നതും സ്തേഫാനോസിന്റെ പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട് (7,51-53).

ദൈവത്തെ "മഹത്ത്വത്തിന്റെ ദൈവം" എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് സ്തേഫാനോസ് രക്ഷാകരപ്രവർത്തനത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം ആരംഭിക്കുന്നത് (7,2). അബ്രാഹത്തിൽ തുടക്കം കുറിച്ച രക്ഷാകരചരിത്രം, അബ്രാഹത്തിന്റെ പുത്രനായ ഈശോമിശിഹായിൽ (മത്താ 1,1) പൂർത്തീകരിക്കപ്പെടുന്ന ചരിത്രമാണ്. ആ

ഈശോമിശിഹായെയാണ്, തന്നെ ചോദ്യം ചെയ്യുന്ന ന്യായാധിപ സംഘം വധിച്ചതെന്നും (7,52), ആ മിശിഹാ ഇപ്പോൾ ദൈവത്തിന്റെ മഹത്ത്വത്തിൽ ആയിരിക്കുന്നുവെന്നും (7,55-56) ഉദ്ഘോഷിച്ചുകൊണ്ടാണ് സ്തേഫാനോസ് തന്റെ പ്രസംഗം ഉപസംഹരിക്കുന്നത്. "സഹോദരന്മാരേ, പിതാക്കന്മാരേ" എന്ന് അവരെ സംബോധന ചെയ്തുകൊണ്ടാണ് സ്തേഫാനോസ് പ്രസംഗിക്കുന്നത് (7,2). താനും അവരും ദൈവത്തിന്റെ ഈ രക്ഷാകരചരിത്രത്തിന്റെ ഭാഗമാണ് എന്നും സ്തേഫാനോസിന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു. ഈശോയുടെ സുവിശേഷം രക്ഷയുടെ സുവിശേഷമാണ്. ഈ സുവിശേഷമാണ് വചനപ്രഘോഷണത്തിന്റെ വിഷയം. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും ഈശോമിശിഹായുടെ പീഡാനുഭവ, മരണ, ഉത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടതും സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ വെളിച്ചത്തിലായിരിക്കണം നാം വചനപ്രഘോഷണം നടത്തേണ്ടതെന്ന് ഇതു സൂചിപ്പിക്കുന്നു.

**4. മാനസാന്തരാനുഭവമുള്ള ശുശ്രൂഷകൻ**

"*കർത്താവ് അവനോടു പറഞ്ഞു: നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക. നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്. ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെ മേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ, മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു*" (7,33-35).

സ്തേഫാനോസിന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം മോശയെ അവതരിപ്പിക്കുന്ന ഭാഗമാണ് (7,17-53). നിയ 18,15 ൽ പറയുന്ന, മോശയെപ്പോലെയുള്ള ഒരു പ്രവാചകനായിട്ട് ഈശോയെ കാണണമെന്ന്

സ്തേഫാനോസ് എടുത്തുപറയുന്നു (7,37). നാല്പതു വർഷങ്ങൾ വീതമുള്ള മൂന്നു ഘട്ടങ്ങളായിട്ടാണ് മോശയുടെ ചരിത്രം ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. "വാക്കിലും പ്രവൃത്തിയിലും കരുത്തനായ" മോശയെ ആദ്യഘട്ടത്തിൽ അവതരിപ്പിക്കുമ്പോൾ (7,17-22), മാനുഷികമായി പരാജയപ്പെട്ട മോശയെ രണ്ടാം ഘട്ടം അവതരിപ്പിക്കുന്നു (7,23-29). മൂന്നാം ഘട്ടത്തിലാണ് മോശയെ ദൈവം ഇസ്രായേൽക്കാരുടെ അധികാരിയും വിമോചകനുമായി അയയ്ക്കുന്നതായി അവതരിപ്പിക്കുന്നത് (7,30-36). വാക്കിലും പ്രവൃത്തിയിലും കരുത്തനായി ഫറവോയുടെ കൊട്ടാരത്തിൽ വളർന്ന മോശ, തന്റെ ജനത്തെ താൻ മുഖാന്തരം മോചിപ്പിക്കുമെന്നു വിചാരിച്ച് ഇസ്രായേൽക്കാരുടെ അടുത്തേക്കു ചെന്നപ്പോൾ, അവർ അയാളെ തിരസ്കരിക്കുകയാണു ചെയ്തത്. അതിന്റെ ഫലമായി പരാജയമനോഭാവത്തോടെ തന്റെ വിളിയിൽനിന്നും ദൗത്യത്തിൽനിന്നും പിന്തിരിഞ്ഞ് വെറും മാനുഷികമായ ഒരു ജീവിതം നയിക്കുന്നു (7,29).

എൺപതാം വയസ്സിൽ ദൈവം തന്റെ വിളിയും ദൗത്യവുമായി മോശയുടെ ജീവിതത്തിൽ കടന്നുവരുന്നു. അയാൾ കർത്താവിന്റെ സ്വരം കേൾക്കുന്നു: "നിന്റെ പിതാക്കന്മാരുടെ ദൈവമാണു ഞാൻ - അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം... കർത്താവ് അവനോടു പറഞ്ഞു... ഈജിപ്തിൽ എന്റെ ജനം അനുഭവിക്കുന്ന പീഡനങ്ങൾ ഞാൻ വ്യക്തമായി കണ്ടു. അവരുടെ ദീനരോദനം ഞാൻ കേട്ടു. അവരെ വിമോചിപ്പിക്കാൻ ഞാൻ ഇറങ്ങി വന്നിരിക്കുന്നു. വരൂ, നിന്നെ ഞാൻ ഈജിപ്തിലേക്ക് അയയ്ക്കും. ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു എന്നു പറഞ്ഞ് അവർ നിരാകരിച്ച മോശയെത്തന്നെ മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൂതൻ വഴി ദൈവം അവരുടെ അധികാരിയും വിമോചകനുമാക്കി അയച്ചു" (7,32-35). കേവലം മാനുഷികമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന മോശ ദൈവികമായി ചിന്തിക്കുന്നവനും പ്രവർത്തിക്കുന്നവനുമായി മാറു

ന്നു. ഇപ്രകാരമുള്ള ഒരു മാറ്റമാണ് മാനസാന്തരമെന്നു പറയുന്നത്. ഇപ്രകാരം കേവലം മാനുഷികതയിൽനിന്നും ദൈവികതയിലേക്ക് നാം കടന്നുവരുമ്പോഴാണ് നമ്മിൽ മാനസാന്തരാനുഭവമുണ്ടാകുന്നത്. അങ്ങനെ മാനസാന്തരാനുഭവമുള്ള വചനപ്രഘോഷകരായിത്തീരുവാൻ പുരോഹിതർക്കു കഴിയണം.

**5. മിശിഹായോടനുരൂപപ്പെട്ട വചനശുശ്രൂഷകൻ**

"*അനന്തരം, അവർ സ്തേഫാനോസിനെ കല്ലെറിഞ്ഞു. അപ്പോൾ അവൻ പ്രാർത്ഥിച്ചു: കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ കൈക്കൊള്ളണമേ. അവൻ മുട്ടുകുത്തി വലിയ സ്വരത്തിൽ അപേക്ഷിച്ചു: കർത്താവേ, ഈ പാപം അവരുടെമേൽ അരോപിക്കരുത്. ഇതു പറഞ്ഞ് അവൻ മരണനിദ്ര പ്രാപിച്ചു*" (7,59-60).

സ്തേഫാനോസ് തന്റെ പ്രഭാഷണംകൊണ്ടു വ്യക്തമാക്കിയത് തനിക്കെതിരെയുള്ള ആരോപണങ്ങൾ വാസ്തവത്തിൽ ആരോപിക്കപ്പെടേണ്ടത് തന്നെ വിസ്തരിക്കുന്ന യഹൂദർക്കെതിരെയാണെന്നാണ്. അതുകൊണ്ടാണ് അവർ കോപാക്രാന്തരായി പല്ലുകടിച്ചത്. എന്നാൽ അവരുടെ ക്ഷോഭപ്രകടനം സ്തേഫാനോസിൽ ഭാവഭേദമൊന്നുമുണ്ടാക്കിയില്ല. ദൈവാത്മാവിന്റെ നിയന്ത്രണത്തിനു സ്വയം വിധേയനാക്കി, അയാൾ മുകളിലേക്കു നോക്കി ഉൾക്കണ്ണുകൊണ്ട് ദൈവതേജസ്സ് ദർശിച്ചു. അതോടൊപ്പം ദൈവത്തിന്റെ വലത്തുഭാഗത്ത് ഈശോ നില്ക്കുന്നതായും കണ്ടു. ഇതു വളരെ അർത്ഥവത്താണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് ഈ ന്യായാധിപസംഘം ഈശോയെ വിസ്തരിച്ചപ്പോൾ ഈശോ പറഞ്ഞു: "മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മർക്കോ 14,62). അവർ വധിച്ച ഈശോ ഇപ്പോൾ മഹത്ത്വീകൃതനാണെന്നും, അവിടുന്നു തന്നെ സ്വീകരിക്കുവാൻ കാത്തിരിക്കുന്നുവെന്നുമുള്ള സ്തേഫാനോസിന്റെ സുവിശേഷപ്രഘോഷണമായിരുന്നു അത്. അതോടൊപ്പം ഈശോയുടെ മഹത്ത്വത്തിൽ പങ്കുചേരാൻ തനിക്കു സാധിക്കുമെന്നുള്ള

പ്രതീക്ഷയും ഇതിലൂടെ സ്തേഫാനോസ് പ്രഖ്യാപിച്ചു.

ഇത് ന്യായാധിപസംഘത്തെ കൂടുതൽ കോപാക്രാന്തരാക്കുകയും അവർ ഒന്നാകെ പാഞ്ഞടുത്ത് സ്തേഫാനോസിനെ പുറത്താക്കി കല്ലെറിഞ്ഞു കൊല്ലുകയും ചെയ്തു (7,57-58). കുരിശുമരണസന്ദർഭത്തിലെ ഈശോയുടെ രണ്ടു പ്രാർത്ഥനകൾ (ലൂക്കാ 23,34.46), ചെറിയ രൂപഭേദത്തോടെ, തന്റെ മരണവേളയിൽ സ്തേഫാനോസ് ആവർത്തിക്കുന്നു. 1. "കർത്താവായ ഈശോയേ, എന്റെ ആത്മാവിനെ സ്വീകരിക്കേണമേ"; 2. "കർത്താവേ, ഈ പാപം ഇവരുടെ മേൽ ചുമത്തരുതേ" (7,59-60). പ്രാർത്ഥനകൾ ഒരുവന്റെ ആത്മാവിഷ്കാരമാണല്ലോ. സ്തേഫാനോസ് മിശിഹായോടു താദാത്മ്യപ്പെട്ട ഒരു ജീവിതം നയിക്കുന്ന വ്യക്തിയായിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നുണ്ട്. ശ്ലൈഹിക കൈവയ്പ്പു സ്വീകരിക്കുവാൻ സമൂഹം കണ്ടുപിടിക്കേണ്ട ഏഴു പേർ അരൂപിയും ജ്ഞാനവുംകൊണ്ട് നിറഞ്ഞവരായിരിക്കണമെന്നുള്ള ശ്ലീഹന്മാരുടെ നിർദ്ദേശമനുസരിച്ച് (6,3) തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നല്ലോ സ്തേഫാനോസ്. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ ജീവിതമാണ് സ്തേഫാനോസ് നയിച്ചിരുന്നതെന്ന് ഇതു വ്യക്തമാക്കുന്നു. മിശിഹായുടെ അരൂപിയാൽ നിറഞ്ഞ്, മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ട് വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയണം.

**ജീവിതസൂചിക**

1. സഭാശുശ്രൂഷയിൽ വചനശുശ്രൂഷയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള പ്രഥമസ്ഥാനം അജപാലനശുശ്രൂഷയിൽ ഞാൻ നല്കുന്നുണ്ടോ?
2. വചനധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ജ്ഞാനത്താലും അരൂപിയാലും നിറഞ്ഞ് വചനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. പഴയനിയമത്തിൽ ഒരുക്കപ്പെട്ടതും, മിശിഹായിൽ പൂർത്തിയാക്കപ്പെട്ടതും, സഭയിൽ തുടരുന്നതുമായ ദൈവത്തിന്റെ രക്ഷാ

കരപ്രവർത്തനത്തിന്റെ വെളിച്ചത്തിൽ വചനം പ്രഘോഷിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

4. മാനസാന്തരാനുഭവത്തോടെ വചനപ്രഘോഷണം നടത്തുവാൻ എനിക്ക് എത്രമാത്രം കഴിയുന്നുണ്ട്?
5. മിശിഹായോട് അനുരൂപപ്പെട്ട ജീവിതം നയിച്ചുകൊണ്ടാണോ ഞാൻ വചനശുശ്രൂഷ നിർവഹിക്കുന്നത്?

# വാർത്തകൾ

## ലോകത്ത് ഏറ്റവും കൂടുതൽ ക്രൈസ്തവർ ആഫ്രിക്കയിൽ

ലോകത്ത് ഏറ്റവും കൂടുതൽ ക്രൈസ്തവർ ആഫ്രിക്കയിലാണെന്ന് അടുത്തകാലത്തു ലഭിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നു. മുൻപ് ലാറ്റിനമേരിക്കയായിരുന്നു മുന്നിൽ. മസാച്യുസെറ്റ്സിലെ ഗോർഡൻ -കോൺവെൽ തിയോളജിക്കൽ സെമിനാരിയിലെ ആഗോള ക്രൈസ്തവപഠനകേന്ദ്രമാണ് ഇത് വെളിപ്പെടുത്തുന്നത്. പഠനക്കണക്കനുസരിച്ച് 63 കോടി പത്തുലക്ഷം ക്രൈസ്തവരാണ് ആഫ്രിക്കയിലുള്ളത്. ജനസംഖ്യയുടെ 45 ശതമാനമാണിത്. ലാറ്റിനമേരിക്കയിൽ അറുപതുകോടി പത്തുലക്ഷംപേരാണുള്ളത്. എന്നാൽ, അത് അവിടുത്തെ ജനസംഖ്യയുടെ 92 ശതമാനമാണ്.

ആഫ്രിക്കയിൽ തന്നെ ഏറ്റവുമധികം ക്രൈസ്തവരുള്ളത് സാംബിയയിലാണ്. ജനസംഖ്യയുടെ 95.5 ശതമാനംപേർ ക്രൈസ്തവരാണ്. റിപ്പബ്ലിക് ഓഫ് ഷെയ്സെല്ലാണ് തൊട്ടുപിന്നിൽ. അവിടെ ജനസംഖ്യയിൽ 94.7 ശതമാനം ക്രൈസ്തവരാണ്.

ഭൂഖണ്ഡം തിരിച്ചുള്ള ക്രൈസ്തവസാന്നിധ്യത്തിൽ മൂന്നാമത് യൂറോപ്പാണ്. 57 കോടി പത്തുലക്ഷം ക്രൈസ്തവരവിടെയുണ്ട്. ജനസംഖ്യയുടെ 77 ശതമാനമാണിത്. നാലാം സ്ഥാനമാണ് ഏഷ്യയ്ക്കുള്ളത്. മുപ്പത്തെട്ടുകോടി എൺപതുലക്ഷം ക്രൈസ്തവർ ഇവിടെ

യുണ്ട്. എന്നാൽ, അതു ജനസംഖ്യയുടെ ഒൻപതുശതമാനം മാത്ര മാണ്. മുൻവർഷത്തേക്കാൾ ക്രൈസ്തവ ജനസംഖ്യ വർധിക്കുന്നത് ഏഷ്യയിലാണ്. ജനസംഖ്യയുടെ എഴുപത്താറുശതമാനത്തോടെ അഞ്ചാംസ്ഥാനത്താണു വടക്കേ അമേരിക്ക. ഇരുപതുകോടി എഴു പതുലക്ഷം ക്രൈസ്തവരാണ് അവിടെയുള്ളത്.

ലോകത്താകമാനമായി ക്രൈസ്തവവിഭാഗങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കത്തോലിക്കരാണ്. ആകെ ക്രിസ്ത്യാനിക ളിൽ 49 ശതമാനം കത്തോലിക്കരാണ്. പ്രൊട്ടസ്റ്റന്റുകാർ 22 ശതമാ നവും ഓർത്തഡോക്സുകാർ 12 ശതമാനവുമാണ്.

## നിക്കരാഗ്വേയിലെ ദൈവാലയത്തിൽവച്ച് കത്തോലിക്കാമെത്രാന്മാരും വൈദികരും ആക്രമിക്കപ്പെട്ടു

നിക്കരാഗ്വേയിൽ ജൂലൈ 9-ന്, സർക്കാരനുകൂലസേനകളും പ്രസിഡന്റ് ഓർട്ടെഗായുടെ എതിരാളികളും തമ്മിലുള്ള അക്രമം രൂക്ഷമാകുന്നതിനിടയിൽ, മുഖംമൂടിധാരികളായ ഒരു സംഘം ആളു കൾ മെത്രാന്മാരെയും വൈദികരെയും ആക്രമിച്ചു.

മനാഗുവായിൽനിന്ന് ഏകദേശം 40 കിലോമീറ്റർ ദൂരമുള്ള ദിരി യാംബായിൽവച്ച് ആക്രമിക്കപ്പെട്ട വൈദികരിൽ മനാഗുവായിലെ കർദ്ദിനാൾ ലിയോപ്പോൾദോ ബ്രെനെസ്, അദ്ദേഹത്തിന്റെ സഹാ യിയായ ബിഷപ്പ് സിൽവിയോ ഹോസെ ബയസ്, അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് വാൽഡിമാർ സ്റ്റനിസ്ലാവ് സൊമ്മെർറ്റാഗ് എന്നിവർ ഉൾപ്പെട്ടിരുന്നു. അക്രമാസക്തമായ ജനക്കൂട്ടത്തിൽനിന്ന് സെയിന്റ് സെബാസ്റ്റ്യൻ ബസിലിക്കയെ അവർ രക്ഷിക്കാൻ ശ്രമി ക്കുകയായിരുന്നു. ഭയചകിതരായ തദ്ദേശവാസികളെയും ഭരണകൂ ടത്തിന്റെ ഏതാനും എതിരാളികളെയും ദൈവാലയത്തിൽ അഭയം പ്രാപിക്കാൻ അനുവദിച്ച പ്രാദേശികവൈദികരെയും സഹായിക്കാൻ ദിരിയാംബയിലേക്ക് പാഞ്ഞെത്തുകയായിരുന്നു വൈദിക മേലദ്ധ്യ ക്ഷന്മാർ. മെത്രാൻ ബെയ്സിനും മറ്റൊരു വൈദികനും മുറിവേറ്റു; പത്രപ്രവർത്തകരും ആക്രമിക്കപ്പെട്ടു.

ദൈവാലയത്തിൽ അഭയംതേടിയ ജനങ്ങൾ പിന്നീട് വിട്ടയക്കപ്പെട്ടു. പിന്നീട്, അധികം വൈകാതെ, ദക്ഷിണ പശ്ചിമഭാഗത്തെ നഗരമായ ജിനൊറ്റെപ്പെയിൽ മറ്റൊരു ദൈവാലയം ആക്രമിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു.

ഒർട്ടേഗായുടെ സർക്കാരിനെതിരെ ഏപ്രിലിൽ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെട്ടതിനുശേഷം, ഇരുനൂറ്റിയമ്പതിലധികം ആളുകൾ മരിക്കുകയും ആയിരക്കണക്കിനാളുകൾക്ക് മുറിവേൽക്കുകയും ചെയ്തു. അക്രമം ഉണ്ടെങ്കിലും, സർക്കാരിന്റെയും പ്രതിപക്ഷനേതാക്കന്മാരുടെയും ഇടയിൽ മധ്യസ്ഥന്മാരായി തുടർന്നു പ്രവർത്തിക്കുമെന്ന് മെത്രാന്മാർ സ്ഥിരീകരിച്ചു.